കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

മരിയാപുരം ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2024-2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584

ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ : 04862-227332

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ.പി.5/906/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584
തീയ്യതി: 13/10/2025
ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ: 04862-227332

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മരിയാപുരം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മരിയാപുരം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മരിയാപുരം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, ഇടുക്കി.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ.പി.5/906/2025 തീയ്യതി: 13/10/2025

ഇടുക്കി ജില്ലയിലെ മരിയാപുരം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ മരിയാപുരം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 13-10-2024 മുതൽ 05-07-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 28 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 11-07-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി രശ്മി ആർ	ഡെപ്യൂട്ടി ഡയറക്ടർ	07-07-2025	11-07-2025

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
07-07-2025	11-07-2025

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.ഷാന്റി ജോർജ്ജ്, ഓഡിറ്റ് ഓഫീസർ

ശ്രീ.സാജുവൽരാജ് ആർ.അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീമതി.മായ കൃഷ്ണൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി.സ്വപ്ന വി., സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ. അരുൺ മോഹൻ, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി. ജിൻസി ജോയി	പ്രസിഡന്റ്	01-04-2024	31-03-2025
ശ്രീ.സന്തോഷ് കെ.	സെക്രട്ടറി	01-04-2024	21-08-2024

ശ്രീ.ബോബി എസ്.	സെക്രട്ടറി-ഇൻ-ചാർജ്ജ്	22-08-2024	17-10-2024
ശ്രീ.ജോബി ജോസഫ്	സെക്രട്ടറി-ഇൻ-ചാർജ്ജ്	18-10-2024	27-10-2024
ശ്രീ.സന്തോഷ് കെ.	സെക്രട്ടറി	28-10-2024	13-02-2025
ശ്രീ.മോഹൻ ആർ.	സെക്രട്ടറി-ഇൻ-ചാർജ്ജ്	14-02-2025	31-03-2025

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ.ആശിഷ് ബാലകൃഷ്ണൻ	അസിസ്റ്റന്റ് എൻജിനീയർ	01-04-2024	07-09-2024
ശ്രീമതി.സിൻസി മാത്യു	അസിസ്റ്റന്റ് എൻജിനീയർ	08-09-2024	31-03-2025
ശ്രീമതി.സോളി തോമസ്	കൃഷി ഓഫീസർ	01-04-2024	03-09-2024
ശ്രീമതി.ഷൈമി ചെറിയാൻ	കൃഷി ഓഫീസർ	04-09-2024	31-03-2025
ശ്രീമതി.അജ്മി പി.മജീദ്	വി.ഇ.ഒ. ഇടുക്കി സർക്കിൾ	01-04-2024	31-03-2025
ശ്രീമതി.ഷീജ വി.റ്റി.	വി.ഇ.ഒ.മരിയാപുരം സർക്കിൾ	01-04-2024	31-03-2025
ശ്രീമതി.ആര്യ രമേഷ്	ഐ.സി.ഡി.എസ്.സൂപ്പർ വൈസർ	01-04-2024	10-06-2024
ശ്രീമതി.കുമാരി വി,വി.	ഐ.സി.ഡി.എസ്.സൂപ്പർ വൈസർ	11-06-2024	27-06-2024
ശ്രീമതി.നിഷാമോൾ വി.എസ്.	ഐ.സി.ഡി.എസ്.സൂപ്പർ വൈസർ	28-06-2024	31-03-2025
ഡോ.ജോഷിദേവ് എസ്.	മെഡിക്കൽ ഓഫീസർ എഫ്.എച്ച്.സി.	01-04-2024	07-08-2024
ഡോ.ആൽബർട്ട് ജെ.	മെഡിക്കൽ ഓഫീസർ എഫ്.എച്ച്.സി.	08-08-2024	27-09-2024
ഡോ.അക്ഷ ജി.എം.	മെഡിക്കൽ ഓഫീസർ എഫ്.എച്ച്.സി.	28-09-2024	31-12-2024
ഡോ.നിരഞ്ജന എസ്.	മെഡിക്കൽ ഓഫീസർ എഫ്.എച്ച്.സി.	01-01-2025	31-03-2025
ഡോ.ഹസ്ന റ്റി.പി.	മെഡിക്കൽ ഓഫീസർ ഹോമിയോ	01-04-2024	31-03-2025
ഡോ.അഞ്ജു എം.എസ്.	മെഡിക്കൽ ഓഫീസർ ആയുർവ്വേദം	01-04-2024	31-03-2025
ഡോ.ചിഞ്ചു മേരി ജോൺ	വെറ്റിനറി സർജൻ	01-04-2024	31-03-2025
ശ്രീ.കിരൺ ജോസ് കെ.	ഡയറി ഫാം ഇൻസ്പെക്ടർ	01-04-2024	29-04-2024
ശ്രീമതി.നിഷ രവി	ഡയറി ഫാം ഇൻസ്പെക്ടർ	30-04-2024	31-03-2025
ശ്രീമതി.ഷീല്ല തോമസ്	ഹെഡ്മിസ്ട്രസ്സ് ജി.എൽ.പി.എസ്. കരിമ്പൻ	01-04-2024	11-06-2024
ശ്രീ.സിബി കരുവില	ഹെഡ്മാസ്റ്റർ ജി.എൽ.പി.എസ്. കരിമ്പൻ	12-06-2024	31-03-2025

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
2	അക്കൗണ്ടിംഗ് ചട്ടപ്രകാരമുള്ള എല്ലാ പത്രികകളും വാർഷികധനകാര്യപത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.	1-1-1
3	തനത് വരവുകൾക്ക് സമയബന്ധിതമായി ഡിമാന്റ് എൻട്രി രേഖപ്പെടുത്തുന്നില്ല	1-1-2
4	ആസ്തി രജിസ്റ്റർ കാലികമാക്കാത്തതിനാൽ ആസ്തികളുടെ കൃത്യത വ്യക്തമല്ല	1-1-3
5	ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ പൊരുത്തപ്പെടുന്നില്ല	1-1-4
6	തനത് വരവിനത്തിലെ കുടിശ്ശികത്തുകകൾ കൃത്യമായി അക്കൗണ്ട് ചെയ്യുന്നില്ല	1-1-5
7	കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ പഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയില്ല	1-1-6
8	കാലഹരണപ്പെട്ട ഋണശീർഷ വരവുകൾ ബാധ്യതയായി നിലനിർത്തിയിരിക്കുന്നു.	1-1-7
9	തേയ്മാനം കണക്കാക്കിയിരിക്കുന്നത് നിശ്ചിതനിരക്കിലെന്ന് ഉറപ്പാക്കാനാവുന്നില്ല	1-1-8
10	ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തിയില്ല	1-1-9
11	ചെലവുകൾ കൃത്യമായ ശീർഷകത്തിൽ അക്രൂവൽ ചെയ്യുന്നില്ല	1-1-10
12	രജിസ്റ്ററുകളിലെ ഡി.സി.ബി. തുകകളും വാർഷികകണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല	1-1-11
13	വിവിധോദ്ദേശ്യഗ്രാന്റുകളെ സംബന്ധിച്ച എ.സി.ആർ. തയ്യാറാക്കി പരിപാലിക്കുന്നില്ല	1-1-12
14	ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് ശീർഷകത്തിൽ പാർട്ട് ബിൽ തുകകളുടെ രേഖപ്പെടുത്തലുകൾ ഇല്ല	1-1-13
15	മറ്റ് ഗ്രാന്റുകൾ എന്ന ശീർഷകത്തിൽ ഇനം വ്യക്തമല്ലാത്ത തുക നിലനിർത്തിയിരിക്കുന്നു	1-1-14
16	ബാങ്ക് അക്കൗണ്ടുകൾ പ്രതിമാസ റിക്കൺസിലിയേഷൻ നടത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല	1-1-15
17	ടെണ്ടർ ഫീ ഇനത്തിലെ വരവ്, വാർഷികകണക്കിൽ പ്രതിഫലിക്കുന്നില്ല	1-1-16
18	വാർഷികകണക്കുകളിലെ തുകകൾ പ്രകാരമുള്ള രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല	1-1-17
19	കൃത്യമായി അക്കൗണ്ട് ചെയ്യാത്തതിനാൽ വിനിയോഗിച്ച ഗുണഭോക്തൃവിഹിതം നീക്കിയിരിപ്പായി ഉൾപ്പെടുത്തിയിരിക്കുന്നു	1-1-18
20	ബജറ്റ്	1-2
21	ഗ്രാന്റ് വിനിയോഗം	1-3
22	ഗ്രാന്റ് വിനിയോഗകണക്കുകളിലെ അപാകതകൾ	1-3-1
23	പദ്ധതി അവലോകനം	1-4
24	തൊഴിലുറപ്പ് പദ്ധതി	1-5
25	ക്ഷേമപെൻഷനുകൾ	1-6
26	ക്യാഷ് ബാലൻസ്	1-7
27	ആഭ്യന്തരനിയന്ത്രണം	1-8
28	അനധികൃതപരസ്യബോർഡുകൾ സ്ഥാപിച്ചു - പിഴത്തുക നാളിതുവരെയും ഈടാക്കിയില്ല	1-9
29	മണ്ണ് സംരക്ഷണകേന്ദ്രത്തിന്റെ വാടകക്കുടിശ്ശിക നാളിതുവരെ ഈടാക്കിയില്ല	1-10
30	ഗണ്യമായ വാടകക്കുടിശ്ശിക ഉണ്ടായിട്ടും വാർഷികധനകാര്യപത്രികയിൽ കുടിശ്ശികത്തുക രേഖപ്പെടുത്തിയിട്ടില്ല	1-11
31	പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടം വാടക ഈടാക്കാതെ സൗജന്യമായി നൽകിയിരിക്കുന്നു.	1-12
32	പെരിയാർ നദിയിലെ മണൽ വാരൽ - തുക അടവാക്കിയില്ല	1-13
33	എസ്.എസ്.എ.വിഹിതം - വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല - ₹54,133/- തടസ്സപ്പെടുത്തുന്നു	1-14
34	പട്ടികജാതിവിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - സ്ഥാപനമേധാവി സാക്ഷ്യപ്പെടുത്തിയ കോഴ്സ് സർട്ടിഫിക്കറ്റ് ഇല്ലാതെ ആനുകൂല്യം നൽകി - ₹70,000/- തടസ്സപ്പെടുത്തുന്നു.	1-15
35	മൂന്നാം ഗഡു ജനറൽ പർപ്പസ് ഫണ്ട് നഷ്ടപ്പെടുത്തി	1-16
36	നിഷ്ക്രിയമായ അക്കൗണ്ടുകളിൽ തുക നിലനിർത്തിയിരിക്കുന്നു	1-17

37	ആയുർവേദ മരുന്നുകൾ പൂർണ്ണമായി ലഭ്യമായില്ല	1-18
38	കാലഹരണപ്പെട്ട നിക്ഷേപങ്ങൾ പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടിയില്ല.	1-19
39	ബയോ കംപോസ്റ്റർ ബിൻ വിതരണം - പദ്ധതി നടത്തിപ്പിലെ അപാകതകൾ - ₹4,08,756/- തടസ്സപ്പെടുത്തുന്നു	1-20
40	ജനകീയആരോഗ്യകേന്ദ്രത്തിന് പുതിയ കെട്ടിടം - സൗജന്യലഭ്യത - തുടർനടപടികൾ സ്വീകരിച്ചില്ല	1-21
41	പഞ്ചായത്തിന് വിട്ടുകിട്ടിയ ഭൂമി - തുടർനടപടി സ്വീകരിച്ചില്ല	1-22
42	ഡെവലപ്മെന്റ് പെർമിറ്റ് -പെർമിറ്റ് തീയതിക്ക് ശേഷം ഒരു വർഷത്തിനുള്ളിൽ കെട്ടിടത്തിന്റെ തറ നിർമ്മാണം പൂർത്തീകരിക്കാത്തവരിൽ നിന്നും ഫൈൻ ഈടാക്കിയില്ല	1-23
43	കുടിവെള്ളവിതരണം - അപാകതകൾ - രേഖകൾ ഹാജരാക്കിയില്ല - ₹93,520/- തടസ്സപ്പെടുത്തുന്നു.	1-24
44	വിവിധ ഭാഗങ്ങളിൽ കുഴൽക്കിണർ നിർമ്മാണം - പദ്ധതി പൂർത്തീകരിച്ചതിന്റെ വിശദാംശങ്ങൾ ഇല്ല - ₹8,43,000/- തടസ്സപ്പെടുത്തുന്നു.	1-25
45	സി.സി.റ്റി.വി. സ്ഥാപിക്കൽ. - പദ്ധതിനിർവ്വഹണത്തിൽ അപാകതകൾ -രേഖകൾ ലഭ്യമല്ല - ₹1,96,850/- തടസ്സപ്പെടുത്തുന്നു.	1-26
46	വെള്ളക്കയം സാംസ്കാരികനിലയം കുടിവെള്ളപദ്ധതി - പദ്ധതി ലക്ഷ്യം കൈവരിച്ചില്ല -₹ 1,48,656/- തടസ്സപ്പെടുത്തുന്നു.	1-27
47	എം.സി.എഫ്. - കുടിവെള്ളപദ്ധതി പൂർത്തീകരിച്ചില്ല - ₹99,111/- തടസ്സപ്പെടുത്തുന്നു.	1-28
48	ഉപ്പുതോട് യു.പി.സ്കൂൾ - മെയിന്റനൻസ് - ചെയ്യാത്ത പ്രവൃത്തിക്ക് തുക അനുവദിച്ചു - ₹44,363/- നിരാകരിക്കുന്നു	1-29
49	ഫെസ്റ്റിവൽ അഡ്വാൻസ് തുക തിരികെ ഈടാക്കിയില്ല.	1-30
50	അസിസ്റ്റന്റ് എഞ്ചിനീയർ - ടെണ്ടർ ഫീ പഞ്ചായത്തിലേക്ക് നൽകിയിട്ടില്ല	1-31
51	എഫ്.എച്ച്.സി - എച്ച്.എം.സി. വാർഷികകണക്കുകൾ സമയബന്ധിതമായി ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല	1-32
52	സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി പദ്ധതികൾ നടപ്പിലാക്കുന്നതിൽ വീഴ്ച	1-33
53	മരിയാപുരം പി.എച്ച്.സി. സ്റ്റാഫ് ക്വാർട്ടേഴ്സ് - വാടക ഈടാക്കുന്നില്ല	1-34
54	പഞ്ചായത്ത് ലൈബ്രറിയുടെ പ്രവർത്തനം കാര്യക്ഷമമല്ല.	1-35
55	ജൽജീവൻ മിഷൻ - അവലോകനം	1-36
56	ഹെൽത്ത് ഗ്രാന്റ് - അവലോകനം	1-37
	ഭാഗം 2	
	— No Records Found —	
	ഭാഗം 3	
1	ഉപ്പുതോട് യു.പി.സ്കൂൾ മെയിന്റനൻസ് - ചെയ്യാത്ത പ്രവൃത്തിക്ക് തുക അനുവദിച്ചു - ₹44,363/- - നിരാകരിക്കുന്നു.	3-1
	ഭാഗം 4	
1	മെഡിസെപ്പ് പ്രീമിയം ഒടുക്ക്	4-1
2	സംയുക്തപദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-2
3	നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-3
4	മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ	4-4
5	വായ്പ/വായ്പ തിരിച്ചടവ്	4-5
6	സ്ഥിരനിക്ഷേപം	4-6
7	ഓഡിറ്റ് റിക്കവറി	4-7
8	സാമൂഹ്യ ഓഡിറ്റ് റിപ്പോർട്ട്	4-8
9	ചാർജ്/സർചാർജ്	4-9
10	ഓഡിറ്റ് പ്രത്യവലോകനം	4-10
11	തീർപ്പാകാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-11
	അനുബന്ധം	
1	ഓഡിറ്റ് സാക്ഷ്യപത്രം	

2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ഭാഗം –1

പൊതു അവലോകനം

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

i) 1994 – ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 215(4) പ്രകാരം, 2011 – ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്, കേന്ദ്രഗവൺമെന്റ്, ധനകാര്യകമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 23.06.2025-ലെ 8(I) നമ്പർ കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 24.06.2025 – ൽ ചിരുങ്ങുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള മരിയാപുരം ഗ്രാമപ്പഞ്ചായത്തിന്റെ മാർച്ച് 2025 – ന് അവസാനിച്ച വർഷത്തിലെ റസീറ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2025 വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തികപ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

ii) C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തികപ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തികപ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകളും പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുന്നുവെന്ന് ഞാൻ വിശ്വസിക്കുന്നു.

iii) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളുടെയും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധറിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, മരിയാപുരം ഗ്രാമപ്പഞ്ചായത്തിന്റെ ഓഡിറ്റ് സർട്ടിഫിക്കറ്റ് 2024-2025 – ലെ വർഷത്തേക്കുള്ള വാർഷികസാമ്പത്തികപ്രസ്താവനകൾ സാമ്പത്തികഫലത്തെക്കുറിച്ചും സാമ്പത്തികനിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

തൊടുപുഴ
ഡെപ്യൂട്ടി
ഡയറക്ടർ
13.10.2025
ഇടുക്കി

1-1-1 അക്കൗണ്ടിംഗ് ചട്ടപ്രകാരമുള്ള എല്ലാ പത്രികകളും വാർഷികധനകാര്യപത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

2011 – ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് റൂൾസ്, റൂൾ 62(2) (ഇ), (എഫ്) എന്നിവ പ്രകാരം, വാർഷികധനകാര്യപത്രികയോടൊപ്പം സമർപ്പിക്കേണ്ട, പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾ, കണ്ടിജന്റ് ബാധ്യതകൾ, ധനസഹായറിപ്പോർട്ടുകൾ തുടങ്ങിയവ ഉൾപ്പെടുന്ന കുറിപ്പുകൾ, അടിസ്ഥാന അനുപാതങ്ങൾ എന്നിവ വാർഷികധനകാര്യപത്രികയുടെ ഭാഗമാക്കിയിട്ടില്ല.

1-1-2 തനത് വരവുകൾക്ക് സമയബന്ധിതമായി ഡിമാന്റ് എൻട്രി രേഖപ്പെടുത്തുന്നില്ല

അച്ചു ചെയ്യുന്ന വരുമാനങ്ങൾക്ക് വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും ഡിമാന്റ് രേഖപ്പെടുത്തുന്നില്ല. വർഷാവസാനം ജേണലിലൂടെ ക്രമീകരണങ്ങൾ നടത്തുകയാണ് ചെയ്തിട്ടുള്ളത്.

1-1-3 ആസ്തി രജിസ്റ്റർ കാലികമാക്കാത്തതിനാൽ ആസ്തികളുടെ കൃത്യത വ്യക്തമല്ല

26.07.2011 - ലെ സ.ഉ. (കൈ)നം.152/2011/ത.സ്വ.ഭ.വ. – ലെ നിർദ്ദേശങ്ങൾക്കനുസൃതമായി, പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തികളുടെ ആധികാരികതയും കൃത്യതയും വ്യക്തമല്ല. കൂടാതെ ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തിയിട്ടില്ല .

1-1-4 ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ പൊരുത്തപ്പെടുന്നില്ല

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2024-2025 കാലയളവിലെ "Net Increase/Decrease In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹49,03,132/- ആണ്. എന്നാൽ ഇതേ പത്രികയിൽ 2024-2025 കാലയളവിൽ "Net Cash Generated By Operating + Investing + Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹78,99,859/- ആണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിംഗ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും പൊരുത്തപ്പെടുന്നില്ല.

1-1-5 തനത് വരവിനത്തിലെ കുടിശ്ശികത്തുകകൾ കൃത്യമായി അക്കൗണ്ട് ചെയ്യുന്നില്ല

തദ്വർഷത്തെ തനത് വരവിനത്തിലെ കുടിശ്ശികത്തുക വാർഷികകണക്ക് ബാലൻസ്ഷീറ്റിൽ രേഖപ്പെടുത്തിയിട്ടില്ല. (വിശദാംശങ്ങൾ പട്ടിക നം. 1-12 – ൽ ഉൾപ്പെടുത്തിയിരിക്കുന്നു)

1-1-6 കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ പഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയില്ല

കാലഹരണപ്പെട്ട ഇലക്ഷൻ ഡെപ്പോസിറ്റ്, മറ്റ് ഡെപ്പോസിറ്റുകൾ എന്നിവ ലയബിലിറ്റി ആയി ഷെഡ്യൂൾ B7 – ൽ നിലനിർത്തിയിരിക്കുന്നു. ഇവ പഞ്ചായത്ത് തനത് ഫണ്ടിലേക്ക് മുതൽ കൂട്ടേണ്ടതാണ്.

1-1-7 കാലഹരണപ്പെട്ട ഋണശീർഷ വരവുകൾ ബാധ്യതയായി നിലനിർത്തിയിരിക്കുന്നു.

കാലഹരണപ്പെട്ട നികുതിയായ VAT പഞ്ചായത്ത് അക്കൗണ്ടിൽ മറ്റ് ബാധ്യതകൾ എന്ന ശീർഷകത്തിൽ നിലനിർത്തിയിരിക്കുന്നു.

1-1-8 തേയ്മാനം കണക്കാക്കിയിരിക്കുന്നത് നിശ്ചിതനിരക്കിലെന്ന് ഉറപ്പിക്കാനാവുന്നില്ല

തേയ്മാനം കണക്കാക്കിയ ഇനങ്ങൾക്ക് വർക്ക്ഷീറ്റ് ലഭ്യമാക്കാത്തതിനാൽ തേയ്മാനം നിശ്ചിത നിരക്കിലാണ് കണക്കാക്കിയതെന്ന് ഉറപ്പാക്കാനായില്ല.

1-1-9 ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തിയില്ല

മുൻവർഷങ്ങളിലുൾപ്പടെ പൂർത്തീകരിക്കാനുള്ള ഡെപ്പോസിറ്റ് പ്രവൃത്തികൾ അതാത് ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തിയിട്ടില്ല. ഉദാഹരണമായി ശരിയാപുരം ഗ്രാമപ്പഞ്ചായത്തിലെ വിവിധ ഭാഗങ്ങളിൽ കുഴൽക്കിണർ നിർമ്മാണം എന്ന പ്രവൃത്തിക്ക് ₹8,43,000/- ഭൂജലവകുപ്പിൽ നിക്ഷേപിച്ചിട്ടുണ്ടെങ്കിലും വാർഷികകണക്കിൽ ഇത് സംബന്ധിച്ച ശീർഷകത്തിൽ ചെലവ് ആയി രേഖപ്പെടുത്തിയിട്ടില്ല.

1-1-10 ചെലവുകൾ കൃത്യമായ ശീർഷകത്തിൽ അക്രൂവൽ ചെയ്യുന്നില്ല

പഞ്ചായത്ത് ഫണ്ടിൽ നിന്ന് നേരിട്ട് നടത്തുന്ന തൻവർഷത്തെ കണ്ടിജന്റ് ചെലവുകൾ എല്ലാം 350109999 - Amount Payable To Other Creditors എന്ന ശീർഷകത്തിലേക്ക് അക്രൂവലായി അക്കൗണ്ട് ചെയ്ത ശേഷമാണ് ചെലവ് ചെയ്തിരിക്കുന്നത്. തൻവർഷം ₹1,24,33,881/- ടി ശീർഷകത്തിലേക്ക് അക്രൂവൽ ചെയ്ത് ചെലവഴിച്ചിട്ടുണ്ട്. ചെലവുകൾ ഇനം തിരിച്ച് തന്നെ ബാധ്യതശീർഷകങ്ങൾ ലഭ്യമായിരുന്നിട്ടും മേൽപറഞ്ഞ ശീർഷകത്തിലാണ് അക്കൗണ്ട് ചെയ്തിട്ടുള്ളത്.

1-1-11 രജിസ്റ്ററുകളിലെ ഡി.സി.ബി. തുകകളും വാർഷികകണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല

വിവിധ വരവിനങ്ങളുടെ വാർഷികകണക്കിലെ തുകകളും അവയുടെ രജിസ്റ്ററുകളിലെ ഡി.സി.ബി. തുകകളും പൊരുത്തപ്പെടുന്നില്ല. ആയതിനാൽ വരവ് സംബന്ധിച്ച കൃത്യത വ്യക്തമല്ല.

1-1-12 വിവിധോദ്ദേശ്യഗ്രാന്റുകളെ സംബന്ധിച്ച എ.സി.ആർ. തയ്യാറാക്കി പരിപാലിക്കുന്നില്ല

വിവിധോദ്ദേശ്യ ഗ്രാന്റുകളെ സംബന്ധിച്ച എ.സി.ആർ. തയ്യാറാക്കി പരിപാലിക്കാത്തതിനാൽ വരവ്, ചെലവ്, നീക്കിയിരുപ്പ് തുകകളിൽ അവ്യക്തത നിലനിൽക്കുന്നു.

1-1-13 ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് ശീർഷകത്തിൽ പാർട്ട് ബിൽ തുകകളുടെ രേഖപ്പെടുത്തലുകൾ ഇല്ല

തൻവർഷം രണ്ട് പൊതുമരാമത്ത് പ്രവൃത്തികളിലായി പാർട്ട് ബില്ലുകൾ നൽകിയിട്ടുണ്ടെങ്കിലും ബാലൻസ് ഷീറ്റിൽ (B-11(b)) Capital Work-In-Progress എന്ന ശീർഷകത്തിൽ തുക രേഖപ്പെടുത്തിയിട്ടില്ല.

1-1-14 മറ്റ് ഗ്രാന്റുകൾ എന്ന ശീർഷകത്തിൽ ഇനം വ്യക്തമല്ലാത്ത തുക നിലനിർത്തിയിരിക്കുന്നു

ഏതിനത്തിൽ ഉൾപ്പെടുന്നു എന്നതിന് വ്യക്തതയില്ലാതെ മറ്റ് ഗ്രാന്റുകൾ (ഹെഡ് 320800199) എന്ന ശീർഷകത്തിൽ വർഷങ്ങളായി ₹22,000/- നിലനിർത്തിയിരിക്കുന്നു.

1-1-15 ബാങ്ക് അക്കൗണ്ടുകൾ പ്രതിമാസ റിക്കൺസിലിയേഷൻ നടത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല

ബാങ്ക് അക്കൗണ്ടുകൾ എല്ലാ മാസവും റിക്കൺസിലിയേഷൻ നടത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

1-1-16 ടെണ്ടർ ഫീ ഇനത്തിലെ വരവ്, വാർഷികകണക്കിൽ പ്രതിഫലിക്കുന്നില്ല

അസിസ്റ്റന്റ് എഞ്ചിനിയർ നടപ്പാക്കിയ പദ്ധതികളിൽ, ടെണ്ടർ ഫീ ഇനത്തിൽ ₹19,690/- വരവുണ്ട്. ഈ തുക വാർഷികകണക്കിൽ പ്രതിഫലിച്ചിട്ടില്ല.

1-1-17 വാർഷികകണക്കുകളിലെ തുകകൾ പ്രകാരമുള്ള രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല

വാർഷികകണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ അഡ്വാൻസ്, ഡെപ്പോസിറ്റ്, ലോൺ രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല.

1-1-18 കൃത്യമായി അക്കൗണ്ട് ചെയ്യാത്തതിനാൽ വിനിയോഗിച്ച ഗുണഭോക്തൃവിഹിതം നീക്കിയിരിപ്പായി ഉൾപ്പെടുത്തിയിരിക്കുന്നു

ബാലൻസ് ഷീറ്റ് - ബി4 - ൽ വിവിധ നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതികൾക്കായുള്ള ഗുണഭോക്തൃവിഹിതം ഇനത്തിൽ ₹1,10,881/- ഉൾപ്പെടുത്തിയത് സംബന്ധിച്ച് കൃത്യമായ വിവരം ലഭ്യമാക്കുന്നതിനായി ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.22/10.07.2025) നൽകിയെങ്കിലും മറുപടി നൽകിയില്ല. അപാകങ്ങൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-2 ബജറ്റ്

2024-2025 സാമ്പത്തികവർഷത്തെ ബജറ്റ് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

	2024-2025 – ലെ ബജറ്റ്	2024-2025 - ലെ പരിഷ്കരിച്ച ബജറ്റ്
ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി അംഗീകാരം	13.02.2024 – ലെ (1)-ാം നമ്പർ തീരുമാനം	18.03.2025 – ലെ 1(1)-ാം നമ്പർ തീരുമാനം
പഞ്ചായത്ത് കമ്മിറ്റിയിൽ അംഗീകാരം	17.02.2024 – ലെ 1(1) -ാം നമ്പർ തീരുമാനം	19.03.2025 - ലെ 10/1-ാം നമ്പർ തീരുമാനം
മുന്നിരിപ്പ് (₹)	70,73,976/-	8,41,275/-
വരവ് (₹)	16,13,89,774/-	18,60,66,800/-
ആകെ വരവ് (₹)	16,84,63,750/-	18,69,08,075/-
ആകെ ചെലവ് (₹)	16,75,97,293/-	18,61,70,480/-
നീക്കിയിരിപ്പ് (₹)	8,66,457/-	7,37,595/-

1-3 ഗ്രാന്റ് വിനിയോഗം

ഫണ്ടിനം	മുന്നിരിപ്പ് (₹)	അലോട്ട്മെന്റ്/ വരവ് (₹)	ആകെ (₹)	ചെലവ് (₹)	നീക്കിയിരിപ്പ് (₹)
വികസന ഫണ്ട് - പൊതു വിഭാഗം	0	1,15,50,000/-	1,15,50,000/-	1,08,85,808/-	6,64,192
വികസന ഫണ്ട് - എസ്.സി.പി.	0	13,82,000/-	13,82,000/-	11,67,096/-	2,14,904/-
വികസന ഫണ്ട്- റ്റി.എസ്.പി.	0	86,000/-	86,000/-	86,000/-	0
സംരക്ഷണ ഗ്രാന്റ് - റോഡ്	0	1,07,19,000/-	1,07,19,000/-	89,30,261/-	17,88,739/-
സംരക്ഷണ ഗ്രാന്റ് - റോഡിതരം	0	39,55,000/-	39,55,000/-	39,55,000/-	0
കേന്ദ്രധനകാര്യകമ്മീഷൻ ഗ്രാന്റ്	12,90,968/-	20,37,415/-	33,28,383/-	12,92,691/-	20,35,692/-

(അൺടൈഡ്)					
കേന്ദ്രധനകാര്യകമ്മീഷൻ ഗ്രാന്റ് (ടൈഡ് ഗ്രാന്റ്)	9,99,767/-	45,82,642/-	55,82,409/-	27,23,762/-	28,58,647/-
Rural Housing For All (320100160)	2,49,000/-	9,20,013/-	11,69,013/-	11,69,013/-	0
ടോട്ടൽ സാനിറ്റേഷൻ	3,65,079/-	0	0	0	3,65,079/-
നിർമ്മൽ പുരസ്കാരം	2,28,118/-	0	0	0	2,28,118/-
വെള്ളപ്പൊക്ക ദുരിതാശ്വാസം	42/-	0	0	0	42/-
ഐ.സി.ഡി.എസ് (320100196)	7,06,235/-	11,28,488/-	18,34,723/-	4,12,286/-	14,22,437/-
സാക്ഷരത	2,613/-	72/-	2,685/-	0	2,685/-
ശുചിത്വ മിഷൻ ഗ്രാന്റ് (320100198)	32,288/-	0	0	0	32,288/-
ഹെൽത്ത് ഗ്രാന്റ് (320100201)	0	0			0
ഹെൽത്ത് ഗ്രാന്റ് (320100202)	2,99,116/-	9,57,370/-	12,56,486/-	91,455/-	11,65,031/-
ഹെൽത്ത് ഗ്രാന്റ് (320100204)	3,92,469/-	4,68,724/-	8,61,193/-	1,31,455/-	7,29,738/-
ജലനിധി	13,220/-	0	0	0	13,220/-
പ്രത്യേക ഉദ്ദേശ്യഗ്രാന്റ് (ഇനം വ്യക്തമല്ല) (320300199)	4,98,786/-	4,08,791/-	9,07,577/-	0	9,07,577/-
എസ്.എസ്.എ.	18,802/-	524/-	19,326/-	0	19,326/-
പ്രത്യേക ഉദ്ദേശ്യഗ്രാന്റ് (ഇനം വ്യക്തമല്ല) (320800199)	22,000/-	0	0	0	22,000/-

1-3-1 ഗ്രാന്റ് വിനിയോഗകണക്കുകളിലെ അപാകങ്ങൾ

വിവിധ ഫണ്ടുകളുടെ സ്രോതസ്സിൽനിന്നും കുറവ് ചെയ്ത തുക, ഗ്രാന്റ് വിനിയോഗത്തിൽ വരവിൽ (അലോട്ട്മെന്റ്) ഉൾപ്പെടുത്തിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഫണ്ടിനം	സ്രോതസിൽ നിന്ന് കുറവ് ചെയ്ത തുക		ആകെ (₹)
	ലൈഫ് മിഷൻ വായ്പ തിരിച്ചടവ്	അങ്കണവാടി അധിക വേതനം	
വികസന ഫണ്ട് - ജനറൽ	14,36,604/-	8,32,200/-	22,68,804/-
വികസന ഫണ്ട് - എസ്.സി.പി.	27,134/-	0	27,134/-
വികസന ഫണ്ട് - ടി.എസ്.പി.	14,667/-	0	14,667/-

1-4 പദ്ധതി അവലോകനം

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ (₹)	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ് (₹)	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം (%)
188	6,37,08,855/-	120	3,45,34,701/-	73.4	54.2

വിവിധ നിർവ്വഹണോദ്യോഗസ്ഥർ ഏറ്റെടുത്ത് നടപ്പാക്കിയ വിവിധ പദ്ധതികളുടെ ചെലവ് സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

നിർവ്വഹണോദ്യോഗസ്ഥർ	അടങ്കൽ (₹)	ചെലവ് (₹)	ചെലവ് ശതമാനം (%)	ആകെ പദ്ധതികളുടെ എണ്ണം	നടപ്പാക്കിയ പദ്ധതികളുടെ എണ്ണം
അസിസ്റ്റന്റ് എഞ്ചിനീയർ (ത.സ്വ.ഭ.വ.)	2,55,44,439/-	1,60,95,979/-	63.01	73	47

ഐ.സി.ഡി.എസ്. സൂപ്പർവൈസർ	26,82,500/-	21,99,690/-	82.00	6	4
കൃഷി ഓഫീസർ	12,40,549/-	9,32,645/-	75.1	2	2
ഡയറി ഫാം ഇൻസ്പെക്ടർ	12,73,225/-	9,45,259/-	74.2	2	2
മെഡിക്കൽ ഓഫീസർ - ആയുർവേദം	6,35,094/-	6,34,694/-	99.99	5	5
മെഡിക്കൽ ഓഫീസർ - പി.എച്ച്.സി./സി.എച്ച്.സി	34,50,182/-	15,06,527/-	43.67	13	10
മെഡിക്കൽ ഓഫീസർ - ഹോമിയോ	1,55,000/-	1,55,000/-	100.00	3	3
വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ	1,77,41,186/-	59,73,344/-	33.67	17	16
വെറ്ററിനറി സർജൻ	7,81,089/-	1,62,129/-	20.80	7	6
സെക്രട്ടറി	97,84,591/-	55,80,301/-	57.03	57	22
ഹെഡ്മാസ്റ്റർ ഗവൺമെന്റ് എൽ.പി.സ്കൂൾ	4,21,000/-	3,49,133/-	82.90	3	3

1-5 തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ് (₹)	വരവ് (₹)	ആകെ (₹)	ചെലവ് (₹)	നീക്കിയിരിപ്പ് (₹)
ഭരണച്ചെലവുകൾ	0	22,37,533/-	22,37,533/-	22,37,533/-	0
ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത്	0	3,00,08,275/- (3,00,06,572+ പലിശ-1,703)	3,00,08,275/-	3,00,08,275/-	0

കുറിപ്പ് :- ക്യാഷ് ബുക്ക് പ്രകാരം യഥാർത്ഥത്തിൽ വരവ് വന്ന തുകയെ ആസ്പദമാക്കി വരവ് ചെലവ് കണക്കുകൾ എടുത്തിരിക്കുന്നു. (ക്യാഷ് ബുക്കിലെ തുകയും വാർഷികകണക്കിലെ തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.)

1-6 ക്ഷേമപെൻഷനുകൾ

തദ്‌വർഷം ഗ്രാമപഞ്ചായത്ത്, വിവിധ ക്ഷേമപെൻഷനുകൾക്ക് ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക (₹)	ഗുണഭോക്താക്കളുടെ എണ്ണം
വാർദ്ധക്യകാല പെൻഷൻ	1,15,68,400/-	834
കർഷകത്തൊഴിലാളി പെൻഷൻ	39,14,000/-	258
വിധവാ പെൻഷൻ	56,63,700/-	385
50 വയസിന് മുകളിൽ പ്രായമായ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ	2,21,800/-	14
വികലാംഗപെൻഷൻ	24,14,900/-	149

1-7 ക്യാഷ് ബാലൻസ്

1994 - ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് വകുപ്പ് 6(4) പ്രകാരമുള്ള, ക്യാഷ് ബാലൻസ് പരിശോധന 08.07.2025-ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ അന്നേദിവസം ക്യാഷ് വരവൊന്നും ഇല്ലെന്ന് ബോധ്യപ്പെട്ടു.

1-8 ആഭ്യന്തരനിയന്ത്രണം

1. പതിമൂന്ന് അംഗ ഭരണസമിതി നേതൃത്വം നൽകുന്ന പഞ്ചായത്തിൽ സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറി, ഹെഡ് ക്ലർക്ക്, അക്കൗണ്ടന്റ്, 3 സീനിയർ ക്ലർക്ക് , 3 ക്ലർക്ക്, 1 ഓഫീസ് അസിസ്റ്റന്റ്, ഒരു പാർട്ട് ടൈം സ്വീപ്പർ, ഒരു

പാർട്ട് ടൈം ലൈബ്രേറിയൻ എന്നിവർ ഉൾപ്പെടുന്നതാണ് ഓഫീസ് സംവിധാനം. ജീവനക്കാരുടെ ചുമതലകൾ ഓഫീസ് ഉത്തരവ് മുഖേന വിഭജിച്ച് നൽകിയിട്ടുണ്ടെങ്കിലും സാമ്പത്തികവർഷാന്ത്യത്തിൽ പ്രധാന സെക്ഷനുകൾ കൈകാര്യം ചെയ്യുന്ന ജീവനക്കാർ തുടർച്ചയായി ദീർഘകാല അവധിയിൽ പ്രവേശിച്ചത് പഞ്ചായത്തിന്റെ പ്രവർത്തനങ്ങളെ ബാധിച്ചിട്ടുണ്ട്. കൃത്യമായ ഇടവേളകളിൽ ജോലി വിലയിരുത്തി മേൽനോട്ട ചുമതലയുള്ളവർ മോണിട്ടറിംഗ് നടത്തേണ്ടതാണ്.

2. ഫ്രണ്ട് ഓഫീസ് ജോലി വിഭജനം സംബന്ധിച്ച രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

3. ആസ്തികളുടെയും സ്റ്റോറുകളുടെയും വാർഷികഭൗതികപരിശോധന നടത്തുന്നില്ല. സ്ഥാവര-ജംഗമ ആസ്തികളുടെ വിവരങ്ങൾ കൃത്യമായി ക്രോഡീകരിച്ച് സൂക്ഷിക്കുവാനും യഥാകാലം കൂട്ടിച്ചേർക്കലുകൾ നടത്തി സമഗ്രമാക്കാനും സർക്കാർ കർശന നിർദ്ദേശങ്ങൾ നൽകിയിട്ടും അത് നാളിതുവരെ പൂർണമായിട്ടില്ല.

4. അതത് മാസങ്ങളിലെ വരവ്-ചെലവുകൾ ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി അംഗീകരിക്കുന്നുണ്ട്. ബജറ്റ്, ധനകാര്യ പത്രിക എന്നിവയും തയ്യാറാക്കി അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് കുറ്റമറ്റതായും വസ്തുനിഷ്ഠമായും തയ്യാറാക്കുന്നതിൽ വിവിധ സ്റ്റാൻഡിംഗ് കമ്മിറ്റികളും നിർവ്വഹണോദ്യോഗസ്ഥരും ഭരണസമിതിയും ജാഗ്രത പുലർത്തേണ്ടതാണ്. വാർഷികപദ്ധതി ബജറ്റുമായി സംയോജിപ്പിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

5. സാധനങ്ങളും സേവനങ്ങളും വാങ്ങുന്നത് സംബന്ധിച്ച് കൃത്യമായ പ്രൊക്യൂർമെന്റ് പ്ലാനും ബജറ്റും പഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. പഞ്ചായത്തിൽ ഓഡിറ്റ് വർഷത്തിൽ, പ്രൊക്യൂർമെന്റ് കമ്മിറ്റി രൂപീകരിച്ചിട്ടില്ല. വാങ്ങേണ്ടി വരുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും മൊത്തത്തിലുള്ള കണക്കെടുപ്പ് വർഷാരംഭത്തിൽ തന്നെ നടത്തി സമാഹരണം നടത്തുവാനായി പ്രൊക്യൂർമെന്റ് കമ്മിറ്റി രൂപീകരിക്കേണ്ടതാണ്.

6. വിവിധ സ്റ്റാൻഡിംഗ് കമ്മിറ്റികളുടെ മേൽനോട്ടത്തിൽ വർക്കിങ് ഗ്രൂപ്പുകൾ രൂപീകരിച്ച് യോഗം ചേർന്നിട്ടില്ല. പന്ത്രണ്ടോളം വർക്കിങ് ഗ്രൂപ്പുകൾ രൂപീകരിച്ച് പദ്ധതി നിർവ്വഹണം സുഗമമാക്കാവുന്നതാണെന്ന നിർദ്ദേശമുണ്ടെങ്കിലും സാമ്പത്തികവർഷം നാമമാത്രമായെങ്കിലും യോഗം ചേർന്നിട്ടുള്ളത് 3 എണ്ണം മാത്രമാണ്. സ്റ്റാന്റിംഗ് കമ്മിറ്റികളുടെ കീഴിലുള്ള വിവിധ മേഖലകളിലെ പദ്ധതി നിർവ്വഹണം മോണിട്ടർ ചെയ്യുന്നതിലും പദ്ധതി പുരോഗതി വിലയിരുത്തി അനുവദിച്ച പദ്ധതിപ്പണം സമയബന്ധിതമായും കാര്യക്ഷമമായും വിനിയോഗിക്കപ്പെട്ടിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തുവാനും സ്റ്റാൻഡിംഗ് കമ്മിറ്റികൾക്ക് സാധിച്ചിട്ടില്ല.

7. പഞ്ചായത്തിലെ വർക്കിങ് ഗ്രൂപ്പുകൾ, പദ്ധതി നിർവ്വഹണവേളയിൽ മോണിട്ടറിങ് ഗ്രൂപ്പുകളായി പ്രവർത്തിക്കണമെന്ന് നിർദ്ദേശമുണ്ടെങ്കിലും മോണിട്ടറിങ് സമിതി നിർജ്ജീവമാണ്.

8. പ്രതിമാസ വരവ്-ചെലവ് കണക്ക് അംഗീകരിക്കുമ്പോൾ, കണക്കുകളുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും ഫയലുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടോയെന്നും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ടോയെന്നും കൃത്യമായ ഉത്തരവുകളുടെയും രേഖകളുടെയും അടിസ്ഥാനത്തിലാണ് തുക ചെലവഴിക്കുന്നതെന്നും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതുണ്ട്.

9. മിനിട്സ് ബുക്കുകൾ, വർക്കിങ് ഗ്രൂപ്പ് മിനിട്സ്, മുൻകൂർ രജിസ്റ്റർ, വായ്പ രജിസ്റ്റർ, തുടങ്ങിയവയുടെ സൂക്ഷിപ്പ്

കൂടുതൽ കാര്യക്ഷമമാക്കേണ്ടതുണ്ട്.

10. തനത് വരുമാന സ്രോതസ്സുകൾ പരിമിതമായതിനാൽ സർക്കാർ ഗ്രാന്റിനെ, ദൈനംദിന ചെലവുകൾ നടത്തുന്നതിനായി ആശ്രയിക്കുന്നു. എന്നാൽ വിവിധ സേവനങ്ങളുടെ ഏകോപനമില്ലായ്മയും ധനഇടപാടുകൾ കൈകാര്യം ചെയ്യുന്നതിലെ അശ്രദ്ധയും മൂലം സാമ്പത്തികവർഷത്തിൽ പഞ്ചായത്തിന് ജനറൽ പർപ്പസ് ഗ്രാന്റിനത്തിൽ അനുവദിച്ച ₹20,98,800/- ലഭ്യമാക്കാൻ സാധിച്ചില്ല.

11. വാടകക്കുടിശ്ശിക ഒഴികെയുള്ള പ്രധാന റവന്യൂ ഡിമാന്റ് തുകകൾ പൂർണമായും പിരിച്ചെടുക്കാൻ പഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട്.

12. വാഹനത്തിന്റെ സൂക്ഷിപ്പിൽ ചട്ടങ്ങൾ പാലിക്കുന്നുണ്ട്. ലോഗ് ബുക്കിൽ ഇന്ധനം നിറയ്ക്കൽ, ഉപയോഗം, പ്രതിമാസ ക്ലോസിംഗ്, അറ്റകുറ്റപ്പണികൾ തുടങ്ങിയ വിവരങ്ങൾ കാലികമായി രേഖപ്പെടുത്തുന്നു. ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിന് ക്രിയാത്മകമായി പ്രതികരിച്ചതിനാൽ മുൻവർഷങ്ങളിലെ ബഹു ഭൂരിപക്ഷം ഓഡിറ്റ് പരാമർശങ്ങളും തീർപ്പാക്കാൻ കഴിഞ്ഞു.

13. വാർഷികപദ്ധതിനിർവഹണത്തിൽ പുരോഗതിയുണ്ട്. ആകെയുള്ള 188 പദ്ധതികളിൽ 120 എണ്ണം നടപ്പാക്കാൻ കഴിഞ്ഞു. നിർവഹണോദ്യോഗസ്ഥരുടെ സേവനം ഫലപ്രദമായി വിനിയോഗിക്കാൻ കഴിഞ്ഞു.

ആഭ്യന്തരനിയന്ത്രണസംവിധാനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

1-9 അനധികൃതപരസ്യബോർഡുകൾ സ്ഥാപിച്ചു - പിഴത്തുക നാളിതുവരെയും ഈടാക്കിയില്ല.

1994 - ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, വകുപ്പ് 209(സി) പ്രകാരവും ബഹു.കളക്ടറുടെ നിർദ്ദേശപ്രകാരവും മരിയാപുരം ഗ്രാമപ്പഞ്ചായത്തിന്റെ പരിധിയിലുള്ള അനധികൃതപരസ്യബോർഡുകൾ/ഹോർഡിംഗുകൾ /ബാനറുകൾ/ഫ്ലക്സ് ബോർഡുകൾ/താൽക്കാലിക കമാനങ്ങൾ/പോസ്റ്ററുകൾ എന്നിവ ആയത് സ്ഥാപിച്ചവർ തന്നെ എത്രയും പെട്ടന്ന് സ്വമേധയാ നീക്കം ചെയ്യേണ്ടതും നിയമലംഘനത്തിന് പഞ്ചായത്തിൽ പിഴ അടവാക്കേണ്ടതുമാണെന്നും അല്ലാത്ത പക്ഷം ആയത് പഞ്ചായത്ത് തന്നെ നീക്കം ചെയ്യുകയും പിഴയും അതിനുവേണ്ടി വരുന്ന ചെലവും ബന്ധപ്പെട്ടവരിൽ നിന്നും നിയമാനുസൃതം ഈടാക്കുന്നതുമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ നോട്ടീസ് നൽകിയിട്ടും നീക്കം ചെയ്യാതിരുന്ന 13 സ്ഥാപനങ്ങളുടെ പരസ്യബോർഡുകൾ പഞ്ചായത്ത് സ്വന്തം ചെലവിൽ നീക്കം ചെയ്ത് പഞ്ചായത്ത് കോമ്പൗണ്ടിൽ സൂക്ഷിച്ചിരുന്നത് പിഴ ഒടുക്കി നീക്കം ചെയ്യുന്നതിന് ബന്ധപ്പെട്ടവർക്ക് നോട്ടീസ് നൽകിയെങ്കിലും പിഴ, ഡിസ്മാന്റിലിംഗ് ചാർജ് ഉൾപ്പെടെയുള്ള തുകകൾ നാളിതുവരെയും ഈടാക്കി പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	ഫയൽ നമ്പർ	മേൽവിലാസം	ബോർഡുകളുടെ എണ്ണം	നോട്ടീസ് നൽകിയ തീയതി	ഈടാക്കേണ്ട തുക (₹)
1	2601	മെഡിക്കൽസ് സർജിക്കൽസ് കോതമംഗലം	2	20.12.2023	14,000/-
2	2604	ഗ്രാനൽ ഡോർ ഹൗസ്, കരിമ്പൻ	1	17.02.2024	7,000/-

3	2606	കെജീസ് ഗോൾഡ്, കട്ടപ്പന	2	13.02.2024	14,000/-
4	2608	അപ്പോളോ അഡലക്സ്, കറുകുറ്റി	1	13.02.2024	7,000/-
5	2611	എസ്.റ്റി.ജ്വല്ലറി, കട്ടപ്പന	4	13.02.2024	28,000/-
6	2612	ഹോളി ഫാമിലി ഹോസ്പിറ്റൽ, തൊടുപുഴ	2	13.02.2024	14,000/-
7	2614	ജി റിസോർട്ട്സ്, കാൽവരി മൗണ്ട്	1	13.02.2024	7,000/-
8	2644	രാജിതാനത്ത് ഏജൻസീസ്, കട്ടപ്പന	1	13.02.2024	7,000/-
9	2645	മഹാറാണി വെഡ്ഡിംഗ് കളക്ഷൻസ്, തൊടുപുഴ	2	13.02.2024	14,000/-
10	2650	റാംസൺസ് ക്ലോത്തീസ്, തൃശ്ശൂർ	1	13.02.2024	7,000/-
11	2653	കെ.പി.വർക്കി & സൺസ്, കട്ടപ്പന	1	13.02.2024	7,000/-
12	2656	ഇന്ത്യ സിമന്റ്സ്, ചെന്നൈ	1	22.02.2024	7,000/-
13	2657	നോഹാസ് വണ്ടർ പാർക്ക്, കട്ടപ്പന	1	13.02.2024	7,000/-
		ആകെ			1,40,000/-

പിഴത്തുക ഈടാക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.2/07.07.2025) മറുപടി നൽകിയില്ല. ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും തുക ഈടാക്കുന്നതിന് റവന്യൂ റിക്കവറി അടക്കമുള്ള നിയമനടപടികൾ സ്വീകരിക്കേണ്ടതും തുക ഈടാക്കി രേഖകൾ പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതുമാണ്.

1-10 മണ്ണ് സംരക്ഷണകേന്ദ്രത്തിന്റെ വാടകക്കുടിശ്ശിക നാളിതുവരെ ഈടാക്കിയില്ല

ഗ്രാമപ്പഞ്ചായത്തിലെ 2024-2025 സാമ്പത്തികവർഷത്തെ വാടക രജിസ്റ്റർ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ കൊടുക്കുന്നു.

1) താഴെ കൊടുത്തിരിക്കുന്ന കെട്ടിടങ്ങളുടെ വാടക ഈടാക്കിയിട്ടില്ല.

ക്രമ നം.	കെട്ടിടം ഉടമയുടെ പേര്/കെട്ടിടനമ്പർ	പ്രതിമാസ വാടക(₹)	വാടകക്കുടിശ്ശികയുടെ കാലയളവ്	ആകെ (₹)
1	ശ്രീ മനോജ് സെബാൻ കണക്കൊമ്പിൽ, 5/181	882/-	04/2024 മുതൽ 03/2025 വരെ	10,584/-
2	ശ്രീമതി ശുഭ പി.എം. കാഞ്ഞിരത്തിങ്കൽ, 9/198 D	4,725/-	03/2025	4,725/-
3	സോയിൽ കൺസർവേഷൻ ഓഫീസർ, 9/198 E	26,377/-	04/2024 മുതൽ 03/2025 വരെ	3,16,524/-

വാടകക്കുടിശ്ശിക തുക ഈടാക്കി രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

2) മരിയാപുരം ഗ്രാമപ്പഞ്ചായത്ത് ഭരണസമിതിയുടെ 16.08.2017 - ലെ 1(1)-ാം നമ്പർ തീരുമാന പ്രകാരം, പട്ടികയിലെ ക്രമ നം. 3 പ്രകാരമുള്ള പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഇടുക്കി എൻ.സി. ജോർജ് മെമ്മോറിയൽ കെട്ടിടത്തിലെ 9/198 E - നമ്പർ മുറി, ഇടുക്കി മണ്ണ് സംരക്ഷണ ഓഫീസ് പ്രവർത്തിക്കുന്നതിന് അനുവദിച്ച് നൽകി കരാറിൽ ഏർപ്പെട്ട് 02.12.2017 മുതൽ പ്രവർത്തനം ആരംഭിച്ചെങ്കിലും നാളിതു വരെ വാടകയിനത്തിൽ കരാർ പ്രകാരമുള്ള യാതൊരു തുകയും പഞ്ചായത്തിൽ ഒടുക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നിരവധി തവണ മണ്ണ് സംരക്ഷണ ഓഫീസർക്ക് ഡിമാന്റ് നോട്ടീസ് കൈമാറിയിട്ടുണ്ടെങ്കിലും വാടകയൊടുക്കുന്നതിന് യാതൊരു നടപടികളും സ്വീകരിച്ചിട്ടില്ല. 2017 ഡിസംബർ മാസം മുതൽ 2024 നവംബർ മാസം വരെയുള്ള വാടകക്കുടിശ്ശികയായ ₹35,60,512/- ഈടാക്കുന്നതിന് റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നതിനായി മരിയാപുരം ഗ്രാമപ്പഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ ലോഗിൻ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതിനായി 25.11.2024 - ൽ നോഡൽ ഓഫീസർ, റവന്യൂ റിക്കവറി , പഞ്ചായത്ത്

ഡയറക്ടറേറ്റ്, തിരുവനന്തപുരത്തിന് കത്തയച്ചിട്ടുണ്ട്. പിന്നീട് 23.01.2025 – ൽ 2017 ഡിസംബർ മാസം മുതൽ 2025 ജനുവരി വരെയുള്ള വാടകക്കുടിശ്ശികയായ ₹36,70,799/- ഈടാക്കുന്നതിന് റവന്യൂ റിക്കവറി നടപടികൾ ആരംഭിക്കുന്നതിന് റിക്വസിഷൻ അയച്ചിട്ടുണ്ട്. എന്നാൽ തുടർനടപടികൾ സ്വീകരിച്ചില്ല. മണ്ണ് സംരക്ഷണ ഓഫീസറുടെ ആവശ്യപ്രകാരം ടി കെട്ടിടത്തിന്റെ പ്രതിമാസ വാടക 11.10.2018 മുതൽ ₹13,467/-ആയി പി.ഡബ്ല്യു.ഡി. കെട്ടിടവിഭാഗം, ഇടുക്കിയിൽ നിന്നും പുനർനിർണ്ണയിച്ച് നൽകിയതിന്റെ വാടക സർട്ടിഫിക്കറ്റ് ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. ആയതു പ്രകാരം 12/2017 മുതൽ 05/2025 വരെയുള്ള മാസങ്ങളിലെ വാടക ₹12,12,030/- ഈടാക്കുന്നതിന് മണ്ണ് സംരക്ഷണഓഫീസിനോട് ഗ്രാമപഞ്ചായത്ത് ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ നാളിതുവരെ യാതൊരു തുകയും മണ്ണ് സംരക്ഷണ ഓഫീസിൽ നിന്നും പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയിട്ടില്ല. ഇതുമായി ബന്ധപ്പെട്ട നിലവിലെ വിവരങ്ങൾ അറിയിക്കുവാനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.1/07.07.2025) മറുപടി നൽകിയില്ല. വാടകക്കുടിശ്ശിക എത്രയും പെട്ടന്ന് ഈടാക്കി പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതും അല്ലാത്ത പക്ഷം സ്ഥാപനത്തിനെതിരെ ചട്ടപ്രകാരമുള്ള നിയമനടപടികൾ സ്വീകരിക്കേണ്ടതും വിവരം അറിയിക്കേണ്ടതുമാണ്.

1-11 ഗണ്യമായ വാടകക്കുടിശ്ശിക ഉണ്ടായിട്ടും വാർഷികധനകാര്യപത്രികയിൽ കുടിശ്ശികത്തുക രേഖപ്പെടുത്തിയിട്ടില്ല

1) ഗ്രാമപഞ്ചായത്തിലെ വാടക രജിസ്റ്റർ പരിശോധിച്ചതിൽ തൻവർഷം ഭീമമായ തുക കുടിശ്ശികയുണ്ട്. എന്നാൽ വാർഷികധനകാര്യപത്രികയിൽ കുടിശ്ശികത്തുക രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ വാടകയുമായി ബന്ധപ്പെട്ട ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ വാർഷികധനകാര്യപത്രികയിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

	ഡിമാന്റ് (₹)	കളക്ഷൻ (₹)	ബാലൻസ് (₹)
തൻവർഷം (വാടക രജിസ്റ്റർ പ്രകാരം)	7,14,144	3,87,036/-	327108/-
തൻവർഷം (വാർഷികധനകാര്യപത്രിക പ്രകാരം)	389,803/-	3,82,311/-	0 (ബാലൻസ് ഷീറ്റിൽ നീക്കിയിരിപ്പ് കാണിച്ചിട്ടില്ല.)
മുൻ വർഷങ്ങളിലേത് (വാടക രജിസ്റ്റർ പ്രകാരം)	20,10,414/-	6,615/-	20,03,799/-
മുൻ വർഷങ്ങളിലേത് (വാർഷികധനകാര്യപത്രിക പ്രകാരം)	20,10,416/-	4,215/-	20,06,201/-

2) വാടക രജിസ്റ്റർ പ്രകാരം തൻവർഷം സോയിൽ കൺസർവേഷൻ ഓഫീസ് – 9/198E – നമ്പർ കെട്ടിടം (കുടിശ്ശികത്തുക – ₹3,16,524/-), ശ്രീ മനോജ് സൈമൺ, കണ്ണമ്പിൽ, 5/181 – നമ്പർ കെട്ടിടം (കുടിശ്ശികത്തുക – ₹10,584/-), ശ്രീമതി ശ്രുജ പി.എം., കാഞ്ഞിരത്തിങ്കൽ, 9/198D – നമ്പർ കെട്ടിടം (കുടിശ്ശികത്തുക – ₹4,725/-)

എന്നീ കെട്ടിടങ്ങളുടെ വാടക കുടിശ്ശികയായിരിക്കെ വാർഷികധനകാര്യപത്രികയിൽ മുൻവർഷത്തെ കുടിശ്ശിക തുക ഉൾപ്പെടുത്തിയിട്ടില്ല. ആയതിന് വിശദീകരണം ലഭ്യമാക്കുവാനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.21/09.07.2025) മറുപടി നൽകിയില്ല. കുടിശ്ശികതുക കാണിക്കാതെ വാർഷിക ധനകാര്യപത്രിക തയ്യാറാക്കിയതിന് വ്യക്തമായ മറുപടി ലഭ്യമാക്കേണ്ടതും വാടക രജിസ്റ്റർ പ്രകാരവും വാർഷികധനകാര്യപത്രിക പ്രകാരവുമുള്ള ഡി.സി.ബി. തുകകളിലെ വ്യത്യാസം കൃത്യമാക്കി രേഖകൾ പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതുമാണ്.

1-12 പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടം വാടക ഈടാക്കാതെ സൗജന്യമായി നൽകിയിരിക്കുന്നു.

ഗ്രാമപ്പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ ഇടുക്കിയിൽ സ്ഥിതി ചെയ്യുന്ന എൻ.സി.ജോർജ് മെമ്മോറിയൽ കെട്ടിടത്തിലെ 9/198 A - നമ്പർ മുറി പഞ്ചായത്ത് കമ്മറ്റിയുടെ 22.08.2024 - ലെ 8(1) നമ്പർ തീരുമാന പ്രകാരം 01.09.2024 മുതൽ 31.03.2025 വരെ കുടുംബശ്രീ സി.ഡി.എസ്. - ന് വാടക ഈടാക്കാതെ സൗജന്യമായി നൽകിയിരിക്കുന്നു. ആയതിന്റെ കാരണം വ്യക്തമല്ല. വാടക ഒഴിവാക്കി കെട്ടിടം സൗജന്യമായി നൽകുന്നത് സംബന്ധിച്ച അപേക്ഷകളൊന്നും പരിശോധനയ്ക്കായി ലഭ്യമാക്കിയില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.28/10.07.2025) മറുപടി നൽകിയില്ല. തനതുവരുമാനം പൊതുവെ കുറവായ പഞ്ചായത്തായിരിക്കെ, വാടക ഈടാക്കാതെ കുടുംബശ്രീ സി.ഡി.എസ്. - ന് കെട്ടിടം നൽകിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതും മേലിൽ ഇത്തരം പ്രവണതകൾ ആവർത്തിക്കാതിരിക്കുന്നതിന് ഭരണസമിതി ശ്രദ്ധിക്കേണ്ടതുമാണ്.

1-13 പെരിയാർ നദിയിലെ മണൽ വാരൽ - തുക അടവാക്കിയില്ല

ബഹു. ഇടുക്കി ജില്ലാ കളക്ടറുടെ 04.05.2020 - ലെ എച്ച്.കെ.എം/ഐ.ഡി.കെ/42/എ - സർക്കുലർ പ്രകാരം, ഗ്രാമപ്പഞ്ചായത്ത് പരിധിയിലെ വെള്ളക്കയം മുതൽ തടിയമ്പാട് വരെ പെരിയാർ നദിയിൽ നീരൊഴുക്കിന് തടസ്സമായി അടിഞ്ഞ ചെളിയും മണലും നീക്കം ചെയ്തത് മരിയാപുരം സി.എം.ജെ. പാറമടയിലെ പഞ്ചായത്തിന്റെ സംഭരണകേന്ദ്രത്തിൽ സൂക്ഷിച്ചിരുന്നു. ടി ചെളി കലർന്ന മണലിന്റെ അളവ് 1517.603 ക്യൂബിക് മീറ്റർ ആണെന്ന് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ജില്ലാ കളക്ടർ അധ്യക്ഷനായ സമിതിയുടെ 14.11.2020 - ലെ DCIDK/4021/2020/E9 - നമ്പർ ഉത്തരവ് പ്രകാരം, ടി മണ്ണിന് ക്യൂബിക് മീറ്ററിന് ₹713.808/- നിരക്കിൽ വില നിശ്ചയിക്കുകയും പഞ്ചായത്തിന്റെ നിർമ്മാണപ്രവൃത്തികൾക്ക് മുൻഗണന നൽകിക്കൊണ്ട് വിൽപ്പന നടത്തുന്നതിന് നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. ചെളി കലർന്ന ₹1517.603 ക്യൂബിക് മീറ്റർ മണലിന്, ക്യൂബിക് മീറ്ററിന് ₹713.808 /- നിരക്കിൽ ആകെ ₹10,83,278/- വില നിശ്ചയിച്ചിട്ടുണ്ട്. ആയതു പ്രകാരം മണൽ നീക്കുന്നതിന് ശ്രീ. ജോയ്സ് ജോർജ്, ഇരുമ്പാനിക്കൽ, മരിയാപുരം എന്ന വ്യക്തിയുമായി പഞ്ചായത്ത് കരാറിലേർപ്പെട്ടിട്ടുള്ളതും ₹5,00,000/- ഉം അനുബന്ധനികുതികളും അടവാക്കി മണൽ നീക്കം ചെയ്തുകൊണ്ടിരിക്കുന്നതുമാണ്. കരാർ പ്രകാരം, ബാക്കിയുള്ള ₹5,83,278/- 31.10.2021 - ന് മുൻപ് അടയ്ക്കേണ്ടതായിരുന്നു. എന്നാൽ ടി തുക, ജി.എസ്.ടി. ഉൾപ്പെടെ ആകെ ₹6,08,278/-(₹5,83,278/-+₹25,000/-) നാളിതുവരെയും അടവാക്കിയിട്ടില്ല. സംഭരണകേന്ദ്രത്തിലെ 1307.603 ക്യൂബിക് മീറ്റർ മണലും കരാറുകാരൻ

കൊണ്ടുപോയിട്ടുണ്ട്. ബാക്കി 120 ക്യൂബിക് മീറ്റർ മാത്രമാണ് അവശേഷിക്കുന്നത്. ആയതിനാൽ പഞ്ചായത്ത് കമ്മറ്റി തീരുമാനം (05.01.2023 – ലെ 26(1) നമ്പർ) പ്രകാരം റവന്യൂ റിക്കവറി /പ്രോസിക്യൂഷൻ നടപടികൾക്കായി 25.03.2023 - ൽ ഡിമാന്റ് നോട്ടീസ് അയച്ച് റവന്യൂ റിക്കവറി നടപടികൾ ആരംഭിച്ചെങ്കിലും തുക ഈടാക്കിയിട്ടില്ല. പിന്നീട് കരാറുകാരൻ ഹൈക്കോടതി മുൻപാകെ 26.04.2023 - ൽ തെറ്റായ വാദങ്ങൾ ഉന്നയിച്ച് കേസ് ഫയൽ ചെയ്യുകയും ചെയ്തു. ആയതിനാൽ തുക ഈടാക്കുന്നതിന് പഞ്ചായത്തിന് നാളിതുവരെയും സാധിച്ചില്ല. കേസിന്റെ നിലവിലെ സ്ഥിതി വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കുവാനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.20/09.07.2025) മറുപടി നൽകിയില്ല. കേസുമായി ബന്ധപ്പെട്ട് സ്വീകരിച്ച തുടർനടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-14 എസ്.എസ്.കെ.വിഹിതം – വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല – ₹54,133/– തടസ്സപ്പെടുത്തുന്നു

പദ്ധതി നം. & പദ്ധതിയുടെ പേര്	224/2025, എസ്.എസ്.കെ. വിഹിതം – പട്ടികവർഗ്ഗവിഭാഗം
അടങ്കൽ (₹)	61,000 (വികസന ഫണ്ട് - ടി.എസ്.പി.)
നിർവ്വഹണോദ്യോഗസ്ഥൻ	ഹെഡ് മാസ്റ്റർ, ഗവ.എൽ.പി. സ്കൂൾ
ചെലവ് തുക (₹)	54,133/-
യു.റ്റി.ആർ.നം./തീയതി	RBI 0852530798091/25.03.2025

പട്ടികവർഗ്ഗവിഭാഗത്തിൽപ്പെടുന്ന കുട്ടികൾക്കായി 2024-2025 വാർഷികപദ്ധതിയിൽ വിവിധ പദ്ധതികൾ രൂപീകരിച്ച് നടപ്പിലാക്കുന്നതിനായി എസ്.എസ്.കെ. വിഹിതമായി ₹54,133/- ഹെഡ്മാസ്റ്റർ എസ്.എസ്.കെ. ഇടുക്കി ബ്ലോക്ക് റിസോഴ്സ് സെന്ററിന് മേൽ ബിൽ പ്രകാരം, ഹെഡ്മാസ്റ്റർ നൽകിയിട്ടുണ്ട്. എന്നാൽ തുക ചെലവഴിച്ചതിന്റെ വിനിയോഗവിവരം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.7/08.07.2025) മറുപടി നൽകിയില്ല. തുക ചെലവഴിച്ചതിന്റെ വിനിയോഗസാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കുന്നതു വരെ ₹54,133/- യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-15 പട്ടികജാതിവിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് – സ്ഥാപനമേധാവി സാക്ഷ്യപ്പെടുത്തിയ കോഴ്സ് സർട്ടിഫിക്കറ്റ് ഇല്ലാതെ ആനുകൂല്യം നൽകി – ₹70,000/- തടസ്സപ്പെടുത്തുന്നു.

പദ്ധതി നം./പദ്ധതിയുടെ പേര്	165/25, പട്ടികജാതിവിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്	
അടങ്കൽ (₹)	3,00,000/-	1,00,000 (വികസന ഫണ്ട്) 2,00,000 (ഗ്രാന്റ് ബ്ലോക്ക് പഞ്ചായത്ത്)
നിർവ്വഹണോദ്യോഗസ്ഥൻ	ഹെഡ്മാസ്റ്റർ, ഗവ.എൽ.പി.സ്കൂൾ	
ചെലവ് തുക (₹)	2,35,000	
ബിൽ നം.(1)/തീയതി/തുക (₹)	124101252012601619926/21.03.2025/40,000 /-	
ബിൽ നം.(2)/തീയതി/തുക (₹)	24101252012601645205/22.03.2025/1,95,000/-	

28.05.2022 – ലെ സ.ഉ.(കൈ). നം. 115/2022/ ത.സ്വ.ഭ.വ. പ്രകാരം പുറപ്പെടുവിച്ച സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക നം. 7.2.4 പ്രകാരം, സംസ്ഥാന സർക്കാരോ കേന്ദ്രസർക്കാരോ സർക്കാരുകൾ ചുമതലപ്പെടുത്തിയിട്ടുള്ള ഏജൻസികളോ നടത്തുന്ന എല്ലാത്തരം കോഴ്സുകളിലേക്കും പ്രവേശനം ലഭിച്ച് പഠനം നടത്തി വരുന്ന വിദ്യാർത്ഥികൾക്ക് സ്ഥാപന മേധാവിയുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ കോഴ്സ് കാലാവധി വരെയുള്ള എല്ലാ അക്കാദമിക് വർഷങ്ങളിലും സ്കോളർഷിപ്പ് നൽകാവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പദ്ധതി പ്രകാരം 10 വിദ്യാർത്ഥികൾക്ക് അവർ പഠിക്കുന്ന കോഴ്സിന് അനുസരിച്ച് സ്കോളർഷിപ്പ് നൽകുന്നതിനായി ആകെ ₹2,35,000/- നിർവഹണോദ്യോഗസ്ഥൻ ചെലവഴിച്ചിട്ടുണ്ട്. പദ്ധതിയുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ

ചേർക്കുന്നു.

1) ബിൽ നം.1 പ്രകാരം, രാഹുൽ വിനോദ്, കോട്ടക്കുഴിയിൽ, ബിൽ നം.2 പ്രകാരം, റിഷികേഷ് പി. ബിജു, പടിഞ്ഞാറേക്കര, റിതിക പി ബിജു, പടിഞ്ഞാറെക്കര എന്നീ വിദ്യാർത്ഥികൾ യഥാക്രമം ₹20,000/- (UTR No.RBI 0832514085425/22.03.2025) ₹30,000/- (UTR No. RBI 0832530651288/25.03.2025), ₹20,000/- (UTR No. RBI 0832530651307/25.03.2025) വീതം ആകെ ₹70,000/- കൈപ്പറ്റിയിട്ടുണ്ട്.

ഫയൽ പരിശോധിച്ചതിൽ ടി വിദ്യാർത്ഥികൾ പഠിക്കുന്ന കോഴ്സുകളുടെ സർട്ടിഫിക്കറ്റ് ഹാജരാക്കാതെയാണ് നിർവഹണോദ്യോഗസ്ഥൻ തുക നൽകിയിരിക്കുന്നത്. അപാകതകൾക്ക് വിശദീകരണം തേടിക്കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.6/08.07.2025) മറുപടി നൽകിയില്ല. സ്ഥാപനമേധാവിസാക്ഷ്യപ്പെടുത്തിയ കോഴ്സ് സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതുവരെ ടി വിദ്യാർത്ഥികൾക്ക് നൽകിയ ആകെ തുകയായ ₹70,000/- യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-16 മൂന്നു ഗഡു ജനറൽ പർപ്പസ് ഫണ്ട് നഷ്ടപ്പെടുത്തി

വാർഷികകണക്ക് - റസീറ്റ് & പെയ്മെന്റ് പത്രിക (RP-7, 16010501) പ്രകാരമുള്ള, ജനറൽ പർപ്പസ് ഫണ്ട് വരവ് പരിശോധിച്ചപ്പോൾ, താഴെ സൂചിപ്പിക്കുന്ന ഉത്തരവുകൾ പ്രകാരം പഞ്ചായത്തിന് അനുവദിച്ചിട്ടുള്ള ജനറൽ പർപ്പസ് ഫണ്ട് തുക ₹20,98,800/(3x6,99,600/-) പഞ്ചായത്തിന്റെ STSB അക്കൗണ്ട് നമ്പർ - 887 - ൽ വരവ് വന്നിട്ടില്ല.

ക്രമ നം.	ഉത്തരവ് നം.,തീയതി	തുക (₹)
1	ജി.ഒ.(ആർ.റ്റി.)നം.454/2025/ഫിൻ. തീയതി 17.01.2025	6,99,600/-
2	ജി.ഒ.(ആർ.റ്റി.)നം.2013/2025/ഫിൻ. തീയതി 03.03.2025	6,99,600/-
3	ജി.ഒ.(ആർ.റ്റി.)നം.2866/2025/ഫിൻ. തീയതി 28.03.2025	6,99,600/-

ഫണ്ട് അനുവദിക്കുന്ന വേളയിൽ, ഉത്തരവാദിയായ ഉദ്യോഗസ്ഥൻ ട്രഷറി ബിൽ വഴി തുക പഞ്ചായത്ത് അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ആക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചില്ല. ടി വീഴ്ച സംഭവിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.16/08.07.2025) മറുപടി നൽകിയില്ല. തനത് വരുമാനം കുറവുള്ള പഞ്ചായത്തിന് ജനറൽ പർപ്പസ് ഫണ്ട് ലഭ്യമാക്കുന്നതിനുള്ള നടപടിക്രമങ്ങൾ ചെയ്യാതെ തുക നഷ്ടപ്പെടുത്തിയത് ഉത്തരവാദികളായ ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്നുള്ള വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. തുക ലാപ്സാവാതെ പഞ്ചായത്തിന് തിരികെ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരമറിയിക്കേണ്ടതാണ്. പഞ്ചായത്തിന്റെ സാമ്പത്തികഇടപാടുകൾ കൈകാര്യം ചെയ്യുന്ന, ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്നും ഭാവിയിൽ ഇത്തരത്തിലുള്ള അനാസ്ഥകൾ സംഭവിക്കാതിരിക്കുന്നതിന് പഞ്ചായത്ത് ജീവനക്കാരുടെയും ഭരണസമിതിയുടെയും നിതാന്ത ജാഗ്രത ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു. മേലധികാരികൾ പഞ്ചായത്തിലെ ധനവിനിയോഗത്തിന്റെ സുഗമമായ പ്രവർത്തനം കൃത്യമായ മേൽനോട്ടത്തിലൂടെ ഉറപ്പാക്കേണ്ടതാണ്.

1-17 നിഷ്ക്രിയമായ അക്കൗണ്ടുകളിൽ തുക നിലനിർത്തിയിരിക്കുന്നു

അർബൻ കോ-ഓപ്പറേറ്റീവ് ബാങ്ക് (2548), എസ്.സി.ബി. മരിയാപുരം (2797) എന്നീ അക്കൗണ്ടുകൾ നിഷ്ക്രിയമായി നിലനിർത്തിയിരിക്കുന്നു. ഈ രണ്ട് അക്കൗണ്ടുകളിലായി യഥാക്രമം ₹5,712/-, ₹561/- എന്നിങ്ങനെയാണ് നീക്കിയിരിപ്പ് ഉള്ളത്. ബാങ്കുകൾ ഈ അക്കൗണ്ടുകളിൽ നിന്ന് വിവിധ ചാർജ്ജുകൾ ഇനത്തിൽ തുക ഈടാക്കുന്നുമുണ്ട്. അക്കൗണ്ടുകളുടെ ഉദ്ദേശ്യം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.23/10.07.2025 - ന് മറുപടി നൽകിയില്ല. അക്കൗണ്ടുകളുടെ ബാലൻസ് തുക, തനത് ഫണ്ടിലേക്ക് വകയിരുത്തി അക്കൗണ്ടുകൾ ക്ലോസ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-18 ആയുർവേദ മരുന്നുകൾ പൂർണ്ണമായി ലഭ്യമായില്ല

പദ്ധതി നം./പദ്ധതിയുടെ പേര്	15/24, ഉപ്പുതോട് ഗവ.ആയുർവേദ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ
അടങ്കൽ തുക (₹)	3,40,000/-
നിർവ്വഹണോദ്യോഗസ്ഥൻ	മെഡിക്കൽ ഓഫീസർ, ആയുർവേദം
ചെലവ് തുക (₹)	3,40,000/-
ബിൽനം./തീയതി/തുക (₹)	28/02.08.2024 – 50,000/- 27/02.08.2024 – 2,20,000/- 78/08.02.2025 – 70,000/-
ലഭിക്കാനുള്ള മരുന്നിന്റെ വില (₹)	9,249/-

ലഭിക്കാൻ അവശേഷിക്കുന്ന മരുന്നുകൾ പൂർണ്ണമായി ലഭ്യമാക്കി വിവരമറിയിക്കേണ്ടതാണ്.

1-19 കാലഹരണപ്പെട്ട നിക്ഷേപങ്ങൾ പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടിയില്ല.

പഞ്ചായത്തിൽ 3 വർഷം മുമ്പ് വരെയുള്ള നിക്ഷേപങ്ങൾ തനത് ഫണ്ടിലേയ്ക്ക് കണ്ടുകെട്ടാവുന്നതാണെന്ന് കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 282 - ൽ നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും പഞ്ചായത്തിൽ 31.03.2022 വരെയുള്ള കാലഹരണപ്പെട്ട നിക്ഷേപങ്ങൾ പഞ്ചായത്ത് തനത് ഫണ്ടിലേയ്ക്ക് മുതൽക്കൂട്ടിയില്ല. രജിസ്റ്ററുകൾ പ്രകാരമുള്ള വിശദ വിവരം ചുവടെ ചേർക്കുന്നു.

അക്കൗണ്ട് ഹെഡ്	നിക്ഷേപം	രജിസ്റ്റർ പേജ് നം.	31.03.2022 വരെയുള്ള കണ്ടുകെട്ടാവുന്ന തുക (₹)
340100102	Suppliers EMD	25	7,180/-
340100103	Bidders EMD	26	75,996/-
340100203	Bidders S D	34	23,881/-
340100202	Suppliers S D	32	1,12,998/-
340200202	Auction Deposit	39	28,150/-
ആകെ			2,48,205/-

കാലഹരണപ്പെട്ട നിക്ഷേപമായ ₹2,48,205/- പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടാത്തതിനും ഡെപ്പോസിറ്റ് രജിസ്റ്റർ കാലികമാക്കാത്തതിനും വിശദീകരണം നൽകേണ്ടതാണെന്നുള്ള ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.26/തീ.10.07.2025) മറുപടി നൽകിയില്ല. തുടർ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-20 ബയോ കമ്പോസ്റ്റർ ബിൻ വിതരണം - പദ്ധതി നടത്തിപ്പിലെ അപാകതകൾ - ₹4,08,756/- തടസ്സപ്പെടുത്തുന്നു

പദ്ധതി നം./പദ്ധതിയുടെ പേര്	110/2024-2025, ബയോകമ്പോസ്റ്റർ ബിൻ വിതരണം
നിർവ്വഹണോദ്യോഗസ്ഥൻ	വി.ഇ.ഒ.
കരാർ നം./തീയതി	ഇല്ല/14.03.2024

ഇൻവോയ്സ് നം./തീയതി	E/13/2024-2024/14.10.2024	
ചെലവ് തുക (₹)	4,08,756/-	യൂണിറ്റ് ഒന്നിന് ₹1,481/- നിരക്കിൽ 276 യൂണിറ്റിന് ആകെ ₹4,08,756/-
ബിൽ നം./തീയതി/തുക (₹)	22400507/28.11.2024/3,60,580/-	
	22400518/30.11.2024/40,876/-	
	22400525/30.11.2024/3,650/- CGST	
	22400526/30.11.2024 – 3,650/- SGST	
നിർവ്വഹണഏജൻസി	റാംബയോളജിക്കൽസ്, കോഴിക്കോട്, മുട്ടോളി, കാക്കോടി പി.ഒ., പിൻ – 673611 Phone No.9446048233	

മരിയാപുരം ഗ്രാമപഞ്ചായത്തിലെ പതിമൂന്ന് വാർഡുകളിലായി 276 ഗുണഭോക്താക്കൾക്ക് ബയോ കമ്പോസ്റ്റർ ബിൻ വിതരണം നടത്തുന്നതിനായി പദ്ധതി വിഭാവനം ചെയ്തതാണിത്. 04.01.2024 – ലെ സ.ഉ.(സാധാ)നം.34/2024/ത.സ്വ.ഭ.വ. – ൽ അനുശാസിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളിൽ, അനുബന്ധം ക്രമ നം. 2.2 പ്രകാരം മാലിന്യസംസ്കരണ ഉപാധികൾ വിതരണം ചെയ്ത ഏജൻസികൾ തന്നെ തുടർച്ചെലവുകൾ വഹിക്കുന്ന രീതി അവലംബിച്ചുവെങ്കിലും വ്യവസ്ഥകൾ പാലിക്കുന്നതിൽ നിർവ്വഹണോദ്യോഗസ്ഥനും ബിൻ വിതരണം ചെയ്ത സ്ഥാപനവും വീഴ്ച വരുത്തി. പ്രധാന അപാകതകൾ ചുവടെ കൊടുക്കുന്നു.

1) മൂന്നുവർഷ വാറണ്ടി ഉറപ്പാക്കണമെന്ന് മേൽ ഉത്തരവിലും കരാറിലും വ്യവസ്ഥ ചെയ്തിരുന്നുവെങ്കിലും മൂന്നുവർഷ വാറണ്ടി ഉറപ്പാക്കുന്ന രേഖകൾ ഹാജരാക്കിയില്ല.

2) ബിൻ വിതരണത്തെത്തുടർന്നുള്ള കാലയളവിൽ ഗുണഭോക്താക്കളുടെ ആവശ്യാനുസരണം ഇനോക്കുലം വിതരണം ചെയ്യേണ്ടതാണെന്ന വ്യവസ്ഥ പാലിച്ചിട്ടില്ല.

3) പ്രവർത്തനറിപ്പോർട്ട് സമർപ്പിക്കൽ, ബിന്നുകൾ റാൻഡമായി C.I.E.P.T. കൊച്ചിയിൽ ക്വാളിറ്റി ടെസ്റ്റ് നടത്തണമെന്നുള്ള കരാർ വ്യവസ്ഥയും പാലിച്ചില്ല.

4) വിതരണക്കാരുടെ പേര്, വിലാസം, ഫോൺ നമ്പർ എന്നിവ ഉപകരണത്തിൽ പ്രദർശിപ്പിക്കണമെന്ന വ്യവസ്ഥ പാലിച്ചിട്ടില്ല.

5) തുടർപ്രവർത്തനങ്ങൾ സംബന്ധിച്ച് റാംബയോളജിക്കൽസ് സി.ഇ.ഒ. ഡോ. റീന അനിൽകുമാർ ഒന്നാം കക്ഷിയായും പഞ്ചായത്തിലെ ഹരിതകർമ്മസേന കൺസോർഷ്യം രണ്ടാം കക്ഷിയായും വി.ഇ.ഒ. മൂന്നാം കക്ഷിയായും 14.03.2024 – ൽ ഏർപ്പെട്ട കരാർ പ്രകാരം, ഹരിതകർമ്മസേന എല്ലാ വീടുകളിലും ജിയോ ടാഗിങ് നടത്തണമെന്നും ബിന്നിന്റെ പ്രവർത്തനം നിരീക്ഷിച്ച് വിലയിരുത്തൽ റിപ്പോർട്ട് ഏജൻസി മുഖേന നിർവ്വഹണോദ്യോഗസ്ഥന് സമർപ്പിക്കുകയും ചെയ്യേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഹരിതകർമ്മസേന ജിയോ ടാഗിങ് നടത്തിയതായി നിർവ്വഹണോദ്യോഗസ്ഥൻ അറിയിച്ചുവെങ്കിലും വിലയിരുത്തൽ റിപ്പോർട്ട് സമർപ്പിച്ചില്ല. ഈ പ്രവർത്തനങ്ങളുടെ ചെലവിനത്തിൽ ഏജൻസി ഒരു വീടിന് പ്രതിമാസം ₹10/- നിരക്കിൽ മൂന്ന് മാസത്തെ തുകയായ (276 X 10 X 3 = ₹8,280/- കൺസോർഷ്യം അക്കൗണ്ടിലേക്ക് നൽകേണ്ടതാണെന്ന വ്യവസ്ഥ പാലിച്ചിട്ടില്ല)

നിർവ്വഹണോദ്യോഗസ്ഥനായ വി.ഇ.ഒ. – യും ഏജൻസിയും തമ്മിലേർപ്പെട്ട കരാർ പ്രകാരം, പദ്ധതിത്തുകയുടെ 5% ബാങ്ക് ഗ്യാരണ്ടിയായി സമർപ്പിക്കേണ്ടതും കരാർ വ്യവസ്ഥകൾ ലംഘിച്ചാൽ ഗ്യാരണ്ടിത്തുക മുഴുവനായി

ഗ്രാമപ്പഞ്ചായത്തിന് ഈടാക്കാവുന്നതാണെന്ന വ്യവസ്ഥയും ഉൾപ്പെടുത്തിയിട്ടുണ്ട്.

റാം ബയോളജിക്കൽസിന്റെ പേരിൽ ഫെഡറൽ ബാങ്കിന്റെ നടക്കാവ് വെസ്റ്റ് ബ്രാഞ്ചിൽ അക്കൗണ്ട് നം. 13000300181760 – ൽ 16.03.2024 – ൽ ₹38,506/- (16.03.2025 – ൽ ₹41,192/- മച്യൂരിറ്റി മൂല്യത്തോടെ) ഗ്രാമപ്പഞ്ചായത്ത് വി.ഇ.ഒ. – യുടെ പേരിൽ എൻഡോഴ്സ് ചെയ്ത് ബാങ്ക് മാനേജർ കത്ത് നൽകിയിട്ടുണ്ട്.

തുടർപ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നതിൽ വീഴ്ച വരുത്തിയ സ്ഥാപനത്തിനെതിരെ സ്വീകരിച്ച നടപടിയുടെ വിശദാംശങ്ങൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് (നം.14/തീയതി 08.07.2025) മൂന്ന് വർഷ വാറണ്ടിയും C.I.E.P.T. – ൽ നടത്തിയ പരിശോധനാസാക്ഷ്യപത്രവും ലഭ്യമാക്കി. കൺസോർഷ്യം അക്കൗണ്ടിലേയ്ക്ക് ലഭിക്കേണ്ട തുക ഈടാക്കേണ്ടതും ഗുണഭോക്താക്കൾക്ക് ഇനോക്കുലം വിതരണം ചെയ്ത് മാലിന്യസംസ്കരണത്തിന്റെ തുടർനിരീക്ഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ച് പരാമർശം ഒഴിവാക്കേണ്ടതാണ്. തുടർനടപടികൾ സ്വീകരിച്ചറിയിക്കുന്നതുവരെ ചെലവഴിച്ച ₹4,08,756/- തടസ്സപ്പെടുത്തുന്നു.

1-21 ജനകീയആരോഗ്യകേന്ദ്രത്തിന് പുതിയ കെട്ടിടം – സൗജന്യലഭ്യത – തുടർനടപടികൾ സ്വീകരിച്ചില്ല

1) പഞ്ചായത്തിലെ ഒൻപതാം വാർഡിൽ, ഇടുക്കി ടൗണിൽ, വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ജനകീയ ആരോഗ്യകേന്ദ്രത്തിന് പുതിയ കെട്ടിടം പണിയുന്നതിനായി എട്ടാം വാർഡിൽ നാരകക്കാനം ടൗണിന്റെ പരിസരത്തുള്ള 5 സെന്റ് സ്ഥലം സൗജന്യമായി നൽകുന്നതിന് സെന്റ് ജോസഫ് ചർച്ച് നാരകക്കാനം ഇടവക കമ്മിറ്റി തീരുമാനം എടുക്കുകയും, തുടർനിർദ്ദേശം നൽകുന്ന മുറയ്ക്ക് ഈ സ്ഥലം പഞ്ചായത്തിൽ സറണ്ടർ ചെയ്ത് തരുന്നതാണ് എന്ന് അറിയിച്ച് കൊണ്ട് ഇടവക വികാരി ഫാ.സെബാസ്റ്റ്യൻ പഞ്ചായത്ത് സെക്രട്ടറിക്ക് കത്ത് നൽകുകയും ചെയ്തിരുന്നു. ഈ കത്ത്, പഞ്ചായത്ത് കമ്മിറ്റി ചർച്ച ചെയ്ത സ്ഥലം പരിശോധിച്ച് ജനകീയ ആരോഗ്യകേന്ദ്രത്തിന് അനുയോജ്യമാണോ എന്ന് പരിശോധിച്ച് റിപ്പോർട്ട് നൽകുന്നതിന് എൽ.എസ്.ജി.ഡി. അസിസ്റ്റന്റ് എഞ്ചിനീയറെ ചുമതലപ്പെടുത്തി 22.08.2024 – ൽ പഞ്ചായത്ത് കമ്മറ്റി തീരുമാനമെടുത്തിരുന്നു. (തീരുമാനം നം.1) ഈ വിഷയത്തിൽ സ്വീകരിച്ച തുടർനടപടികളുടെ വിശദാംശങ്ങൾ അറിയിക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് നം.13/തീയതി 08.07.2025 – ന് മറുപടി നൽകിയില്ല. അസിസ്റ്റന്റ് എഞ്ചിനീയറുടെ സ്ഥലപരിശോധന റിപ്പോർട്ട് ലഭ്യമാക്കേണ്ടതും സൗജന്യസ്ഥലലഭ്യത സംബന്ധിച്ച് തുടർനടപടികൾ സ്വീകരിച്ചതിന്റെ വിശദാംശവും അറിയിക്കേണ്ടതാണ്. ഗ്രാമപ്പഞ്ചായത്തിന് വിട്ടു കിട്ടിയ ഭൂമിയിന്മേൽ തുടർനടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

ഗ്രാമപ്പഞ്ചായത്തിന് ജലനിധി പദ്ധതിയുടെ ഭാഗമായി ഗ്രീൻവാലി കുടിവെള്ള പദ്ധതിയുടെ വാട്ടർ ടാങ്ക് സ്ഥാപിക്കുന്നതിന് ശ്രീ തോമസ്, മാത്തിക്കണ്ടത്തിൽ, ഉപ്പുതോട് പി.ഒ. എന്നയാൾ വിട്ടുനൽകിയ ഭൂമി, ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നതിനായി സ്ഥലം പട്ടയം ഉള്ളതാണോ എന്ന് പരിശോധിച്ച് അളന്ന് തിട്ടപ്പെടുത്തി ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നതിന് യോഗം അസിസ്റ്റന്റ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി. സെക്ഷന് പഞ്ചായത്ത് കമ്മറ്റി 14.05.2024 – ൽ നിർദ്ദേശം നൽകിയിരുന്നു.

1-22 പഞ്ചായത്തിന് വിട്ടുകിട്ടിയ ഭൂമി – തുടർനടപടി സ്വീകരിച്ചില്ല

മരിയാപുരം ഗ്രാമപഞ്ചായത്തിന്, ജലനിധി പദ്ധതിയുടെ ഭാഗമായി ഗ്രീൻവാലി കുടിവെള്ള പദ്ധതിയുടെ വാട്ടർ ടാങ്ക് സ്ഥാപിക്കുന്നതിന് ശ്രീ തോമസ്, മാങ്കുഴിക്കണ്ടത്തിൽ, ഉപ്പുതോട് പി.ഒ. എന്നയാൾ വിട്ടുനൽകിയ ഭൂമി, ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നതിനായി ടി സ്ഥലം പട്ടയ ഭൂമിയാണോ എന്ന് പരിശോധിച്ച് അളന്ന് തിട്ടപ്പെടുത്തുന്നതിന്, 14.05.2024 – ൽ എൽ.എസ്.ജി.ഡി. അസിസ്റ്റന്റ് എഞ്ചിനീയർക്ക് കമ്മിറ്റി നിർദ്ദേശം നൽകിയിരുന്നു. ഈ വിഷയത്തിൽ സ്വീകരിച്ച തുടർനടപടിയുടെ വിശദാംശങ്ങൾ തേടിക്കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.13/തീയതി:08.07.2025) മറുപടി നൽകിയില്ല. വിട്ടുകിട്ടിയ ഭൂമി പട്ടയഭൂമിയാണോയെന്ന് പരിശോധിച്ച് ഉറപ്പാക്കിയതിനുശേഷം തുടർനടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

I-23 മൂവ്മെന്റ് പെർമിറ്റ് -പെർമിറ്റ് തീയതിക്ക് ശേഷം ഒരു വർഷത്തിനുള്ളിൽ കെട്ടിടത്തിന്റെ തറ നിർമ്മാണം പൂർത്തീകരിക്കാത്തവരിൽ നിന്നും ഫൈൻ ഈടാക്കിയില്ല

2023 – ലെ Kerala Minor Mineral Concession (Amendment) Rules പ്രകാരം, ഷെഡ്യൂൾ-1 – ലെ, ഇനം 3, പ്രകാരമുള്ള സാധാരണമണ്ണിനുള്ള Movement Permit (Form-S)-ഉം Mineral Transit Passes [Form O(A)]-ഉം ആണ് തദ്ദേശ സ്ഥാപനത്തിന് നൽകാനാകുക. (കെട്ടിടത്തിന്റെ പ്ലിന്ത് ഏരിയ 3000 Sq.Ft.(278.7m^2) വരെയുള്ള കെട്ടിട നിർമ്മാണത്തിനുവേണ്ടിയുള്ള സാധാരണ മണ്ണ് കടത്തുന്നതിന്).

അംഗീകൃതപ്ലാൻ പ്രകാരമുള്ള മണ്ണ് മാത്രമെ കുഴിച്ചെടുക്കുകയുള്ളുവെന്നും ട്രാൻസ്പോർട്ട് ചെയ്യുകയുള്ളുവെന്നും അംഗീകൃത കെട്ടിടപ്ലാൻ പ്രകാരമുള്ള നിർമ്മാണം നടത്തുകയുള്ളുവെന്നും Movement പെർമിറ്റ് തീയതിക്ക് ശേഷം ഒരു വർഷത്തിനുള്ളിൽ കെട്ടിടത്തിന്റെ Basement നിർമ്മാണം പൂർത്തീകരിക്കുമെന്നും സ്റ്റാമ്പ് പേപ്പറിൽ രേഖപ്പെടുത്തി നോട്ടറി അറ്റസ്റ്റ് ചെയ്ത് (Form-1) സമർപ്പിക്കണം. ബേസ്മെന്റ് നിർമ്മിക്കാത്തപക്ഷം റോയൽറ്റിയായി അടച്ച തുകയുടെ അഞ്ച് ഇരട്ടി തുക പിഴയായി അടയ്ക്കാൻ അപേക്ഷകൻ ബാധ്യസ്ഥനാകുന്നതാണ്. പെർമിറ്റഡ് ഏരിയയിൽ അധികമായി മണ്ണ് എടുത്തിട്ടുണ്ടെങ്കിലോ പ്ലാൻ പ്രകാരമുള്ള മണ്ണിന്റെ അളവിൽ അധികമായി മണ്ണ് എടുത്തിട്ടുണ്ടെങ്കിലോ അധികമായി എടുത്ത മണ്ണിന് അഞ്ചിരട്ടി റോയൽറ്റി പിഴയായി ഈടാക്കേണ്ടതാണ് (ചട്ടം 14(8)).

Movement Permit സംബന്ധിച്ച വിശദാംശങ്ങളുടെ രജിസ്റ്റർ സ്ഥാപനം സൂക്ഷിക്കേണ്ടതുണ്ട് (LSGD Secretary). ഇതിൽ പെർമിറ്റ് വിവരങ്ങൾ, ട്രാൻസിറ്റ് പാസ്സ് വിവരങ്ങൾ, ബേസ്മെന്റ് നിർമ്മാണവിവരം, ഫൈൻ വിശദാംശങ്ങൾ, മൂവ്മെന്റ് പെർമിറ്റ് റദ്ദാക്കിയെങ്കിൽ ആ വിവരം എന്നിവ ഉൾപ്പെടുത്തണം. ഫൈൻ ഈടാക്കുന്നതിനാവശ്യമായ നടപടികൾ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറി സ്വീകരിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിലെ ധാതുഗതാഗത പെർമിറ്റ് ഫയൽ പരിശോധിച്ചതിൽ നിന്നും 2023-2024 സാമ്പത്തിക വർഷം ആകെ ലഭിച്ച 1 അപേക്ഷയിൽ പെർമിറ്റ് നൽകിയിട്ടുണ്ട്. ഇതിൽ പെർമിറ്റ് നേടിയ ചുവടെ ചേർക്കുന്ന വ്യക്തിയുടെ ഫയൽ പരിശോധിച്ചതിൽ നിന്നും പെർമിറ്റ് തീയതി കഴിഞ്ഞ് ഒരു വർഷം കഴിഞ്ഞിട്ടും ബേസ്മെന്റ് പണിപൂർത്തിയാക്കിയതിന്റെ രേഖയില്ല.

പേര്, വിലാസം	പെർമിറ്റ് നമ്പർ/ തീയതി	ട്രാൻസിറ്റിനായി അനുവദിച്ച മണ്ണിന്റെ അളവ്	അടവാക്കിയ റോയൽറ്റി (₹)	ഈടാക്കേണ്ട ഫൈൻ (₹)
ശ്രീ ഡെന്നി ജെയിംസ്	നം.എം.സ്റ്റ്.സി.1261/ 2023/ 06.02.2024	168.89 ടൺ	6,756/-	33,780/-

ട്രാൻസിറ്റ് പെർമിറ്റ് തീയതിയ്ക്കുശേഷം ഒരു വർഷത്തിനുള്ളിൽ ബേസ്മെന്റ് നിർമ്മിച്ചിട്ടില്ലാത്തതിനാൽ KMMC റൂൾ 14(7) പ്രകാരമുള്ള ഫൈൻ തുകയായ ₹33,780/- അപേക്ഷകനിൽ നിന്നും ഈടാക്കേണ്ടതായിരുന്നു. ചട്ടപ്രകാരമുള്ള ഫൈൻ ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് (നം.12/തീയതി 08.07.2025) മറുപടി നൽകിയില്ല. നിയമാനുസൃതമായി ഈടാക്കി അറിയിക്കേണ്ടതാണ്.

1-24 കുടിവെള്ളവിതരണം – അപാകതകൾ – രേഖകൾ ഹാജരാക്കിയില്ല – ₹93,520/- തടസ്സപ്പെടുത്തുന്നു.

പദ്ധതി നം./പദ്ധതിയുടെ പേര്	20/2024-2025, കുടിവെള്ള വിതരണം
വകയിരുത്തിയ തുക (₹)	93,520/- (വികസനഫണ്ട് – പൊതുവിഭാഗം)
നിർവ്വഹണോദ്യോഗസ്ഥൻ	സെക്രട്ടറി
കരാറുകാരൻ	ശ്രീ ബിനു കെ.വി.
കരാർ നം. തീയതി	കരാർ ലഭ്യമാക്കിയില്ല
ചെലവ് തുക (₹)	93,520/-
ബിൽ നം./തീയതി	24101252013101189079/17.01.2025

സെക്രട്ടറി നിർവ്വഹിച്ച കുടിവെള്ളവിതരണം എന്ന പദ്ധതിയിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1) കരാറുകാരനായ ശ്രീ ബിനു കെ.വി. എന്ന വ്യക്തിയെ തിരഞ്ഞെടുത്തതു സംബന്ധിച്ച വിശദാംശങ്ങളോ കരാർ വിശദാംശങ്ങളോ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

2) കെ.എൽ – 30 – 251, കെ.എൽ – 06 – K3571 എന്നീ വാഹനങ്ങളിൽ കുടിവെള്ളവിതരണം ചെയ്തതിന്റെ രേഖ ഫയലിൽ ഉണ്ട്. GPS സംവിധാനം ഉള്ള വാഹനങ്ങളിലാണ് കുടിവെള്ളം വിതരണം നടത്തേണ്ടതെന്ന് 02.03.2019 - ലെ സ.ഉ.(സാധാ)നം.500/2019/ത.സ്വ.ഭ.വ - നമ്പർ ഉത്തരവിൽ അനുശാസിക്കുന്നു. എന്നാൽ GPS വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

3) വിതരണത്തിനുപയോഗിച്ച കുടിവെള്ളത്തിന്റെ സ്രോതസ്സ് വ്യക്തമാക്കുകയോ കുടിവെള്ളത്തിന്റെ ഗുണനിലവാരം പരിശോധിച്ച് ഉറപ്പാക്കുകയോ ചെയ്തില്ല.

4) വിവിധ വാർഡുകളിലെ കുടിവെള്ളവിതരണം സംബന്ധിച്ച മോണിറ്ററിംഗ് റിപ്പോർട്ട് ലഭ്യമാക്കിയില്ല.

ടി അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് (നം.11/തീയതി 08.07.2025) മറുപടി നൽകിയില്ല. സർക്കാർ ഉത്തരവിലെ നിബന്ധനകൾക്ക് വിരുദ്ധമായി കുടിവെള്ളം വിതരണം ചെയ്തതിന് ചെലവഴിച്ച ₹93,520/- തടസ്സപ്പെടുത്തുന്നു.

1-25 വിവിധ ഭാഗങ്ങളിൽ കുഴൽക്കിണർ നിർമ്മാണം – പദ്ധതി പൂർത്തീകരിച്ചതിന്റെ വിശദാംശങ്ങൾ ഇല്ല – ₹8,43,000/- തടസ്സപ്പെടുത്തുന്നു.

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ ചുവടെ ചേർക്കുന്ന നിക്ഷേപ പ്രവൃത്തിയുടെ പൂർത്തീകരണം സംബന്ധിച്ചുള്ള വിശദാംശങ്ങളോ തുക വിനിയോഗം സംബന്ധിച്ച നിർവ്വഹണ ഏജൻസിയുടെ സാക്ഷ്യപത്രമോ ലഭ്യമാക്കിയിട്ടില്ല.

പദ്ധതി നം.	51/2024-2025
നിർവഹണോദ്യോഗസ്ഥൻ	സെക്രട്ടറി
വകയിരുത്തിയ തുക (₹)	8,89,500/- ധനകാര്യകമ്മീഷൻ ഗ്രാന്റ്
ചെലവ് തുക (₹)	8,43,000/-
ബിൽ നം./വൗച്ചർ നം./തീയതി	XVFC/2024-25/P/30,36,14,46, 22400871/27.03.2025
നിർവ്വഹണഏജൻസി	ഭൂജലവകുപ്പ്
കരാർ നം./ തീയതി	കരാർ ലഭ്യമാക്കിയില്ല

പഞ്ചായത്തിന്റെ, ഉപ്പുതോട് ഒലിയാനിക്കൽ ഭാഗം കല്ലുങ്കത്തൊട്ടി ഭാഗം എന്നിവടങ്ങളിൽ കുഴൽകിണർ നിർമ്മിക്കുന്നതിനായി എസ്റ്റിമേറ്റ് പ്രകാരം ഭൂജലവകുപ്പിന്റെ നം. 38154753311 എന്ന അക്കൗണ്ടിലേയ്ക്ക് തുക മാറി നൽകിയ വിവരമല്ലാതെ മറ്റ് വിശദാംശങ്ങളൊന്നും ഫയലിൽ ലഭ്യമല്ല.

വിശദാംശങ്ങൾ അടിയന്തിരമായി ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന്(നം.10/തീയതി 08.07.2025) മറുപടി നൽകിയില്ല. ടി നിക്ഷേപ പ്രവൃത്തിയുടെ പൂർത്തീകരണ വിശദാംശങ്ങൾ ലഭ്യമാക്കാത്തതിനാൽ ടി പദ്ധതിക്ക് ചെലവഴിച്ച ₹8,43,000/- തുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-26 സി.സി.റ്റി.വി.സ്ഥാപിക്കൽ. – പദ്ധതിനിർവ്വഹണത്തിൽ അപാകങ്ങൾ –രേഖകൾ ലഭ്യമല്ല – ₹1,96,850/- തടസ്സപ്പെടുത്തുന്നു.

പഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിൽ സി.സി.റ്റി.വി. സ്ഥാപിക്കൽ എന്ന പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) ഡബിൾ കട്ടിങ്, ഡാം ടോപ്പ്, ഇടുക്കി ജംഗ്ഷൻ എന്നിസ്ഥലങ്ങളിൽ സി.സി.റ്റി.വി. സ്ഥാപിക്കൽ

പദ്ധതി നം./പദ്ധതിയുടെ പേര്	88/24-25, സി.സി.റ്റി.വി.സ്ഥാപിക്കൽ
വകയിരുത്തിയ തുക (₹)	1,11,200/- (വികസനഫണ്ട് – പൊതുവിഭാഗം)
നിർവഹണോദ്യോഗസ്ഥൻ	സെക്രട്ടറി
കരാറുകാരൻ	ഹൈടെക് കമ്പ്യൂട്ടേഴ്സ്, ചെറുതോണി
കരാർ നം./തീയതി	കരാർ ലഭ്യമാക്കിയില്ല
ചെലവ് തുക (₹)	98,890/-
ബിൽ നം./തീയതി	24/24-25/28.12.2024

2. മരിയാപുരം ഗ്രാമപ്പഞ്ചായത്ത് എം.സി.എഫ്. – കളിൽ സി.സി.റ്റി.വി.സ്ഥാപിക്കൽ

പദ്ധതി നം./പദ്ധതിയുടെ പേര്	88/2024-2025, എം.സി.എഫ്. – കളിൽ സി.സി.റ്റി.വി.സ്ഥാപിക്കൽ
വകയിരുത്തിയ തുക (₹)	97,960/- (ധനകാര്യകാര്യകമ്മീഷൻ ഗ്രാന്റ്)
നിർവഹണോദ്യോഗസ്ഥൻ	സെക്രട്ടറി
കരാറുകാരൻ	ഹൈടെക് കമ്പ്യൂട്ടേഴ്സ്, ചെറുതോണി
കരാർ നം./തീയതി	കരാർ ലഭ്യമാക്കിയില്ല
ചെലവ് തുക (₹)	97,960/-
വൗച്ചർ നം./തീയതി	22400936/31.03.2025

ഗ്രാമപഞ്ചായത്ത് സെക്രട്ടറി നടപ്പാക്കിയ മേൽവിവരിച്ച സി.സി.റ്റി.വി. സ്ഥാപിക്കൽ പദ്ധതിയിൽ സി.സി.റ്റി.വി.

സ്ഥാപിച്ച സ്ഥലങ്ങൾ, സ്ഥാപിച്ച സി.സി.ടി.വി. – കൾ നിർദ്ദിഷ്ട സ്പെസിഫിക്കേഷനിലുള്ളതാണെന്നുള്ള സാങ്കേതികക്ഷമതയുള്ള ഉദ്യോഗസ്ഥന്റെ സാക്ഷ്യപത്രം, സ്ഥാപിച്ച സി.സി.ടി.വി.കൾ മുഖേന തുടർ നിരീക്ഷണപ്രവർത്തനങ്ങൾ ഏത് രീതിയിൽ നടപ്പിലാക്കുന്നു തുടങ്ങിയ വിശദാംശങ്ങളൊന്നും ഫയലിൽ ലഭ്യമല്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പി (നം.17.08.07.2025) – ന് മറുപടി നൽകിയില്ല. പഞ്ചായത്ത് എം.സി.എഫ്. – കളുടെ സമീപം അനധികൃതമായി മാലിന്യം നിക്ഷേപിക്കുന്നത് തടയുന്നതിനായി സ്ഥാപിച്ച സി.സി.ടി.വി. – കൾ സ്ഥാപിച്ച് ഏതാനും ദിവസത്തിനു ശേഷം തന്നെ പ്രവർത്തനരഹിതമായി. വിശദാംശങ്ങൾ ലഭ്യമാക്കാത്തതിനാലും സി.സി.ടി.വി. സംവിധാനം പ്രവർത്തനക്ഷമമല്ലാത്തതിനാലും രണ്ട് പദ്ധതികളിലായി ആകെ ചെലവഴിച്ച ₹1,96,850/- തുക (₹98,890/- + ₹97,960/-) – തടസ്സപ്പെടുത്തുന്നു. സി.സി.ടി.വി. – കൾ പ്രവർത്തനക്ഷമമാക്കിയും തുടർനിരീക്ഷണ സംവിധാനങ്ങളൊരുക്കിയും പദ്ധതി കാര്യക്ഷമമാക്കേണ്ടതാണ്.

1-27 വെള്ളക്കയം സാംസ്കാരികനിലയം കുടിവെള്ളപദ്ധതി – പദ്ധതി ലക്ഷ്യം കൈവരിച്ചില്ല –₹ 1,48,656/- തടസ്സപ്പെടുത്തുന്നു.

പദ്ധതി നം./പദ്ധതിയുടെ പേര്	174/24-25, വെള്ളക്കയം സാംസ്കാരികനിലയം – കുടിവെള്ളം – അടിസ്ഥാന സൗകര്യങ്ങൾ	
അടങ്കൽ തുക (₹)	1,50,000/- (ധനകാര്യകമ്മീഷൻ ഗ്രാന്റ്)	
നിർവ്വഹണോദ്യോഗസ്ഥൻ	അസിസ്റ്റന്റ് എഞ്ചിനീയർ	
കരാറുകാരൻ	ശ്രീ ജോർജ്ജ് വർക്കി	
കരാർ നമ്പർ	13/AE/LSGD-LID&EW/MPM/24-25/ തീ. 28.12.2024	
ഫയൽ നം.	8495/2024	
അളവ് ബുക്ക്	E-M Book	
ആകെച്ചെലവ് (₹)	1,44,622/-	
ബിൽ നം./തീയതി/തുക (₹)	XVFC/24-25/P/48/28.03.2025/39,622/-	
	XVFC/24-25/P/56/28.03.2025/45,000/-	
	XVFC/24-25/P/68/29.03.2025/45,000/-	
	XVFC/24-25/P/74/30.03.2025/15,000/-	
	KBOCWW (₹)	1,344/-
	GST @ (₹)	2,690/-
	ഒട്ടാകെ (₹)	1,48,656/-

വെള്ളക്കയം സാംസ്കാരികനിലയം – കുടിവെള്ളം – അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കുന്നതിനായി ആവിഷ്കരിച്ച ഈ പദ്ധതിയിലൂടെ സ്റ്റാന്റ്, പി.വി.സി. വാട്ടർ ടാങ്ക്, വാഷ്ബേസിൻ, പി.വി.സി. കരക്, ജനൽ ഫ്രെയിം എന്നിവ സ്ഥാപിക്കുകയും ചെയ്തു. എന്നാൽ പ്രസ്തുത സാംസ്കാരികനിലയം, 07.07.2025 – ൽ എൽ.എസ്.ജി.ഡി. അസിസ്റ്റന്റ് എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ നേരിൽ പരിശോധിച്ചതിൽ വെള്ളത്തിന്റെ സ്രോതസ്സ് കണ്ടെത്താതെയാണ് വെള്ളത്തിനായുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തിയിരിക്കുന്നതെന്ന് ബോദ്ധ്യപ്പെട്ടു. കൂടാതെ വാട്ടർ ടാങ്കിലേയ്ക്ക് വെള്ളം നിറയ്ക്കുന്നതിനുള്ള സംവിധാനവും ഏർപ്പെടുത്തിയിട്ടില്ല. നിലവിൽ സാംസ്കാരികനിലയം പ്രവർത്തിക്കുന്നില്ല. വാഷ്ബേസിനിലേയ്ക്കുള്ള കണക്ഷൻ അല്ലാതെ മറ്റ് കുടിവെള്ളസൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടില്ല. ഈ കുടിവെള്ളപദ്ധതിക്കായി തുടർവർഷങ്ങളിൽ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ പദ്ധതിയുടെ ലക്ഷ്യം കൈവരിക്കാൻ സാധിച്ചില്ല. വെള്ളത്തിന്റെ സ്രോതസ്സ് കണ്ടെത്താതെ വെള്ളത്തിനായുള്ള

സൗകര്യങ്ങൾക്ക് മാത്രം തുക ചെലവാക്കിയതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.3/തീയതി. 07.07.2025) മറുപടി നൽകിയില്ല. ആയതിനാൽ ഈ പദ്ധതിക്ക് ചെലവഴിച്ച ₹1,48,656/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പദ്ധതി പൂർത്തീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-28 എം.സി.എഫ്. – കുടിവെള്ളപദ്ധതി പൂർത്തീകരിച്ചില്ല – ₹99,111/– തടസ്സപ്പെടുത്തുന്നു.

പദ്ധതി നം./പദ്ധതിയുടെ പേര്	120/24-25, എം.സി.എഫ്. സ്റ്റാന്റ്, വാട്ടർ ടാങ്ക്, മോട്ടോർ സ്ഥാപിക്കൽ
അടങ്കൽ തുക (₹)	1,00,000/- (ധനകാര്യകമ്മീഷൻ ഗ്രാന്റ്)
നിർവ്വഹണോദ്യോഗസ്ഥൻ	അസിസ്റ്റന്റ് എഞ്ചിനീയർ
കരാറുകാരൻ	ശ്രീ ബെന്നി ജോസഫ്
കരാർ നമ്പർ	27/AE/LSGD-LID&EW/MPM/23-24/ തീ. 20.01.2024
ഫയൽ നം.	98655/2023
അളവ് ബുക്ക്	E-M Book
ചെലവ്	99,111/-
ബിൽ നം./തീയതി	XVFC/24-25/P/43 Dt 07/02/2025

എസ്റ്റിമേറ്റ് പ്രകാരം സ്റ്റാന്റ്, 1000 ലിറ്റർ പി.വി.സി. വാട്ടർ ടാങ്ക്, 0.5 HPമോട്ടോർ എന്നിവ സ്ഥാപിക്കുന്നതിന് വിഭാവനം ചെയ്ത പദ്ധതിയാണിത്. 07.07.2025 – ൽ എൽ.എസ്.ജി.ഡി. അസിസ്റ്റന്റ് എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ ഈ പദ്ധതിയുടെ നിർവഹണം നേരിൽ പരിശോധിച്ചതിൽ, സ്റ്റാന്റ്, വാട്ടർ ടാങ്ക് എന്നിവ മാത്രമാണ് സ്ഥാപിച്ചിട്ടുള്ളത്. എസ്റ്റിമേറ്റ് പ്രകാരമുള്ള മോട്ടോർ സ്ഥാപിച്ചിട്ടില്ല. കൂടാതെ വെള്ളം ടാങ്കിൽ എത്തിക്കുന്നതിനുള്ള സംവിധാനമോ വിതരണശൃംഖലയോ സ്ഥാപിച്ചിട്ടില്ല. മോട്ടോർ, വിതരണശൃംഖല എന്നിവ സ്ഥാപിക്കാത്തതുമൂലം പദ്ധതി ലക്ഷ്യം കൈവരിച്ചില്ല. ഇവ സ്ഥാപിക്കുന്നതിന് തുടർവർഷങ്ങളിൽ പദ്ധതി ആവിഷ്കരിച്ചിട്ടുമില്ല. അപാകതകൾക്ക് വിശദീകരണം തേടിക്കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.4/തീയതി. 07.07.2025) മറുപടി നൽകിയില്ല. ആയതിനാൽ ഈ പദ്ധതിക്ക് ചെലവഴിച്ച ₹99,111/- തടസ്സപ്പെടുത്തുന്നു. പദ്ധതി പൂർത്തീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-29 ഉപ്പുതോട് യു.പി.സ്കൂൾ – മെയിന്റനൻസ് – ചെയ്യാത്ത പ്രവൃത്തിക്ക് തുക അനുവദിച്ചു – ₹44,363/- നിരാകരിക്കുന്നു

പദ്ധതി നം./പദ്ധതിയുടെ പേര്	126/24-25, ഉപ്പുതോട് യു.പി.സ്കൂൾ മെയിന്റനൻസ്	
അടങ്കൽ തുക (₹)	4,00,000/-	3,94,327/- (മെയിന്റനൻസ് ഗ്രാന്റ് – റോഡിതരം)
		5,673/- (തനത് ഫണ്ട്)
നിർവ്വഹണോദ്യോഗസ്ഥൻ	അസിസ്റ്റന്റ് എഞ്ചിനീയർ	
കരാർ നമ്പർ/തീയതി	12/AE/LSGD-LID&EW/MPM/23-24/12.12.2023	
ഫയൽ നം.	85396/2023	
അളവ് ബുക്ക്	E-M Book	
ബിൽ റഫറൻസ് നം./തീയതി/തുക (₹)	24101252012500623242/04.09.2024 ₹3,90,167/- (മെയിന്റനൻസ് ഗ്രാന്റ് – റോഡിതരം)	
കരാറുകാരൻ	ശ്രീ ഷാജി ജോസഫ്	

ഉപ്പുതോട് യു.പി.സ്കൂളിലെ രണ്ടാം നിലയിൽ ടൈൽ വിരിക്കുന്നതിനായി ആവിഷ്കരിച്ച പദ്ധതിയാണിത്.

പദ്ധതിക്കായി മേൽ സൂചിത ബിൽ പ്രകാരം ₹3,90,167/- ചെലവഴിച്ചിട്ടുണ്ട്. അളവ് ബുക്ക് പ്രകാരം താഴെ സൂചിപ്പിക്കുന്ന ഇനങ്ങൾ ചെയ്തതായി രേഖപ്പെടുത്തി കരാറുകാരന് തുക അനുവദിച്ചിരിക്കുന്നു.

ക്രമ നം	ഇനം നം.	സ്പെസിഫിക്കേഷൻ നം, ഇനം	അളവ്, എം.^{2}	നിരക്ക് (₹)	നൽകിയ തുക (₹)
1	11.41.2	600x600 Mm വിട്രിഫൈഡ് ടൈൽ പാകൽ	152.55	1,856.59	2,83,232.09
2	13.1.1	1:4, പ്ലാസ്റ്ററിംഗ്	105.198	357.38	37,595.66
3	15.2.1	1:3:6 കോൺക്രീറ്റിംഗ്	0.743	2,296.41	1,706.23
4	50.6.2.2	സോളിഡ് ബ്ലോക്ക്സ് മേസനറി	1.080	7,514.40	8,115.55

ഈ പദ്ധതി, 07.07.2025 – ൽ എൽ.എസ്.ജി.ഡി. അസിസ്റ്റന്റ് എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ നേരിൽ പരിശോധിച്ചതിൽ ക്രമ നമ്പർ 2 – ൽ രേഖപ്പെടുത്തിയിരിക്കുന്ന 13.1.1 (1:4) പ്ലാസ്റ്ററിംഗ് എന്ന ഇനം ചെയ്തിട്ടില്ലെന്ന് ബോദ്ധ്യപ്പെട്ടു. (സ്ഥലപരിശോധന റിപ്പോർട്ട് കാണുക.) ചെയ്യാത്ത ഇനം, അളവ് ബുക്കിൽ രേഖപ്പെടുത്തി GST ഉൾപ്പെടെയുള്ള തുക ₹44,362.87/- (₹37,595.66+₹6,767.21 (18% GST) കരാറുകാരന് നൽകിയത് അംഗീകരിക്കുന്നില്ല. ഇപ്രകാരം തുക നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.5/തീയതി.07.07.2025) രണ്ടാം നിലയിൽ പുറം പ്ലാസ്റ്ററിംഗ് ചെയ്തിട്ടുണ്ടെന്നാണ് മറുപടി നൽകിയത്. എന്നാൽ സ്ഥലപരിശോധനയിൽ ഇത് കണ്ടെത്താൻ സാധിച്ചില്ല. ആയതിനാൽ ക്രമവിരുദ്ധമായി ₹44,363/- അനുവദിച്ചതിന് ഉത്തരവാദികളായ അളവ് ബുക്കിൽ അളവ് രേഖപ്പെടുത്തിയ അസിസ്റ്റന്റ് എഞ്ചിനീയർ, ഉപരിപരിശോധന നടത്തിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

1-30 ഫെസ്റ്റിവൽ അഡ്വാൻസ് തുക തിരികെ ഈടാക്കിയില്ല.

2024-2025 വർഷത്തെ അഡ്വാൻസ് രജിസ്റ്റർ പ്രകാരം, ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ ശ്രീ കൃഷ്ണകുമാർ എസ്., സീനിയർ ക്ലർക്കിന് ₹10,000/- (വൗച്ചർ നം.22400384/തീയതി.12.09.2024) നൽകിയിട്ടുണ്ട്. 06.09.2024 – ലെ സ.ഉ.(അ)നം.78/2024/ധന. പ്രകാരം, മുൻകൂർ നൽകുന്ന തുക 5 തുല്യ ഗഡുക്കളായി ഒക്ടോബർ മാസം മുതൽ തിരികെ ഈടാക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിരിക്കെ 18.09.2025 – ൽ വാത്തിക്കുടി ഗ്രാമപ്പഞ്ചായത്തിലേയ്ക്ക് സ്ഥലം മാറിപ്പോയ ടി ജീവനക്കാരനിൽ നിന്നും മുൻകൂർ നൽകിയ തുക നാളിതുവരെ തിരികെ ഈടാക്കുകയോ മുൻകൂർ തുക തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ സ്ഥലം മാറിപ്പോയ സ്ഥാപനത്തെ അറിയിക്കുകയോ ചെയ്തിട്ടില്ല. തുക തിരികെ ഈടാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.9/തീയതി.08.07.2025) മറുപടി നൽകിയില്ല. മുൻകൂർ നൽകിയ തുക ₹10,000/- തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

1-31 അസിസ്റ്റന്റ് എഞ്ചിനീയർ – ടെണ്ടർ ഫീ പഞ്ചായത്തിലേക്ക് നൽകിയിട്ടില്ല

എൽ.എസ്.ജി.ഡി. സെക്ഷൻ, അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ പൈനാവ് SBI ശാഖയിലുള്ള 3713015972 നമ്പർ ബാങ്ക് അക്കൗണ്ടിലാണ് ടെണ്ടർ ഫീസിനത്തിലുള്ള വരവുകൾ നിക്ഷേപിച്ചിരിക്കുന്നത്. ഈയിനത്തിൽ 2024-2025 വർഷം ₹19,690/- വരവുണ്ട്. മുൻവർഷങ്ങളിൽ ടെണ്ടർ ഫീസിനത്തിലുള്ള വരവുകളും കൂടി

കണക്കാക്കി സാമ്പത്തികവർഷാവസാനത്തിൽ ഗ്രാമപ്പഞ്ചായത്തിലേക്ക് കൈമാറേണ്ടതായിരുന്നുവെങ്കിലും ആയത് പാലിച്ചില്ല. അതുകൊണ്ട് തന്നെ ഗ്രാമപ്പഞ്ചായത്തിന്റെ 2024-2025 വർഷത്തെ വാർഷികകണക്കിൽ തൻവർഷത്തിൽ ടെണ്ടർ ഫീസിനത്തിൽ ലഭിച്ച വരവുകൾ ഉൾപ്പെട്ടിട്ടില്ല. ടെണ്ടർ ഫീസിനത്തിലുള്ള വരവുകൾ പഞ്ചായത്തിൽ അടവാക്കാത്തതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്(നം.18/തീയതി.08.07.2025) മറുപടി നൽകിയില്ല. ടെണ്ടർ ഫീസിനത്തിലുള്ള തുക പഞ്ചായത്തിന് കൈമാറേണ്ടതും വിവരം അറിയിക്കേണ്ടതുമാണ്.

1-32 എഫ്.എച്ച്.സി – എച്ച്.എം.സി. വാർഷികക്കണക്കുകൾ സമയബന്ധിതമായി ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല

1994 – ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 173 – എ പ്രകാരം, പഞ്ചായത്തിന് കൈമാറിയ ഓരോ പൊതുജനാരോഗ്യസ്ഥാപനത്തിനും വേണ്ടി ചെയർമാൻ ഉൾപ്പെടെ പതിനഞ്ച് അംഗങ്ങളിൽ കൂടാതെയുള്ള ഒരു മാനേജ്മെന്റ് കമ്മിറ്റി, നിർണ്ണയിക്കപ്പെട്ട പ്രകാരം രൂപീകരിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇതനുസരിച്ച് 23.08.2003 – ലെ സ.ഉ.(പി.)നം.259/2003/ത.സ്വ.ഭ.വ. (എസ്.ആർ.ഒ. നമ്പർ 837/2003) എന്ന വിജ്ഞാപനപ്രകാരം 2003 – ലെ കേരള പഞ്ചായത്ത് രാജ് (പൊതുജനാരോഗ്യസ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള മാനേജ്മെന്റ് കമ്മിറ്റികൾ) ചട്ടങ്ങൾ പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ചട്ടങ്ങൾ അതിലംഘിച്ച് ഇതേ പേരോടുകൂടി 2010 – ൽ ചട്ടങ്ങൾ പുറപ്പെടുവിച്ചു. (15.06.2010 – ലെ സ.ഉ.(കൈ)നം.125/2010/ത.സ്വ.ഭ.വ.(എസ്.ആർ.ഒ.നമ്പർ 598/2010) പ്രസ്തുത ചട്ടങ്ങളിലെ, ചട്ടം 9(1) – ലൂടെ ആശുപത്രി മാനേജ്മെന്റ് കമ്മിറ്റികളുടെ ഫണ്ട് ഓഡിറ്റ് ചെയ്യുന്നതിനുള്ള ചുമതല കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിക്ഷിപ്തമാക്കിയിട്ടുണ്ട്.

മരിയാപുരം ഗ്രാമപ്പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന കുടുംബാരോഗ്യകേന്ദ്രം മാനേജ്മെന്റ് കമ്മിറ്റിയുടെ 2015-2016 വർഷം മുതലുള്ള വാർഷികകണക്കുകൾ ഓഡിറ്റിന്റെ പരിശോധനയ്ക്ക് സമർപ്പിച്ചിട്ടില്ല.

പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 182(xv) പ്രകാരം, ഗ്രാമപ്പഞ്ചായത്തിന്റെ നിയന്ത്രണത്തിന് കീഴിലുള്ള സ്ഥാപനങ്ങളുടെ അക്കൗണ്ടുകൾ പരിശോധിക്കുകയോ പരിശോധിപ്പിക്കുകയോ ചെയ്യേണ്ടത് പഞ്ചായത്ത് സെക്രട്ടറിയുടെ ചുമതലയാണ്. മേൽ വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. എച്ച്.എം.സി. – യുടെ വാർഷികകണക്കുകൾ സമയബന്ധിതമായി ഓഡിറ്റ് പരിശോധനയ്ക്കായി സമർപ്പിക്കുവാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-33 സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി പദ്ധതികൾ നടപ്പിലാക്കുന്നതിൽ വീഴ്ച

ഗ്രാമപ്പഞ്ചായത്തിൽ 2024-2025 സാമ്പത്തികവർഷത്തിൽ സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി നടപ്പാക്കാൻ വിഭാവനം ചെയ്ത വലിയൊരളവ് പ്രധാനപ്പെട്ട പദ്ധതികളും നടപ്പാക്കാനായില്ല. ആകെ വകയിരുത്തിയ ₹97,84,591/- – യിൽ ₹55,80,801/- മാത്രമാണ് ചെലവഴിക്കാനായത് (ചെലവ് ശതമാനം – 57.03%). വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ആകെ വിഭാവനം ചെയ്ത പദ്ധതികളുടെ എണ്ണം	ആകെ നടപ്പാക്കിയ പദ്ധതികളുടെ എണ്ണം	ശതമാനം (%)
57	29	50.9

മാലിന്യനിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട് പൊതുസ്ഥലങ്ങളിൽ ബിൻ സ്ഥാപിക്കൽ, ഹരിതകർമ്മസേനയ്ക്ക് ഉപകരണങ്ങൾ, ജലലഭ്യത ഉറപ്പാക്കുന്നതിനായുള്ള കുഴൽക്കിണർ നിർമ്മാണങ്ങൾ, പി.എം.എ.വൈ. പദ്ധതി, അതിദരിദ്രകുടുംബങ്ങൾക്ക് സ്ഥലം വാങ്ങൽ, തെരുവുവിളക്കുകളുടെ മെയിന്റനൻസ് എന്നീ അടിയന്തിര പ്രാധാന്യമുള്ള പദ്ധതികൾ നടപ്പാക്കാതിരുന്നതിന് വിശദീകരണം നൽകേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പി (നം.27/തീയതി.10.07.2025) – ന് മറുപടി നൽകിയില്ല. അടിയന്തര പ്രധാന്യമുള്ള പദ്ധതികൾ നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-34 മരിയാപുരം പി.എച്ച്.സി. സ്റ്റാഫ് ക്വാർട്ടേഴ്സ് – വാടക ഈടാക്കുന്നില്ല

മരിയാപുരം ആരോഗ്യകേന്ദ്രത്തിലെ സ്റ്റാഫ് ക്വാർട്ടേഴ്സ് ഡോക്ടർമാർക്കും ഡോക്ടർമാർ ഉപയോഗിക്കാത്ത അവസരങ്ങളിൽ മറ്റു ജീവനക്കാർക്കും വാടകയ്ക്ക് നല്കാറുണ്ട്. എന്നാൽ ഈ അവസരങ്ങളിൽ വാടക ഈടാക്കുന്നില്ല. നിലവിൽ ക്വാർട്ടേഴ്സ് ആരും ഉപയോഗിക്കുന്നില്ല. വാടകയ്ക്ക് നൽകുന്ന അവസരങ്ങളിൽ വാടക ഈടാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-35 പഞ്ചായത്ത് ലൈബ്രറിയുടെ പ്രവർത്തനം കാര്യക്ഷമമല്ല.

പഞ്ചായത്ത് ഓഫീസിനു സമീപം പ്രവർത്തിക്കുന്ന ലൈബ്രറിയിൽ ആകെ 118 പുസ്തകങ്ങൾ മാത്രമാണ് രജിസ്റ്റർ പ്രകാരം നിലവിലുള്ളത്. അവസാനമായി പുതിയ പുസ്തകങ്ങൾ വാങ്ങിയത് 01.04.2016 – ലും അവസാനമായി അംഗത്വഫീസ് പിരിച്ചത് 19.03.2020 – ലും ആണ്. ലൈബ്രറിയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാൻ ഭരണസമിതി നടപടി സ്വീകരിക്കേണ്ടതാണ്.

1-36 ജൽജീവൻ മിഷൻ – അവലോകനം

ഭാരതത്തിലെ ഗ്രാമീണമേഖലയിലുള്ള എല്ലാ സ്ഥാപനങ്ങൾക്കും വീടുകൾക്കും 2024 – ഓടെ ഗുണഭോക്താക്കളുടെ സഹസംഭാവനയോട് കൂടി സുസ്ഥിരമായ കുടിവെള്ളം എത്തിക്കുന്നതിന് കേന്ദ്രസർക്കാർ, സംസ്ഥാന സർക്കാരുകളുമായി ചേർന്ന് നടപ്പിലാക്കുന്ന കേന്ദ്ര-സംസ്ഥാന സംയുക്ത പദ്ധതിയാണ് ജൽജീവൻ മിഷൻ.

08.06.2020 – ലെ സ.ഉ.(കൈ)നം.37/2020/ജ.വി.വ. – ഉത്തരവ് പ്രകാരമുള്ള ടി പദ്ധതിയുടെ മാർഗ്ഗനിർദ്ദേശമനുസരിച്ച് കേന്ദ്ര-സംസ്ഥാന വിഹിതം 50:50 എന്ന അനുപാതത്തിലാണ്. ഗ്രാമപ്പഞ്ചായത്തുകൾക്കാണ് പ്രധാനമായും പദ്ധതി നടത്തിപ്പിന്റെ ചുമതല. ഒന്നിലധികം പഞ്ചായത്തുകൾ ഉൾപ്പെടുന്ന പദ്ധതി ആണെങ്കിൽ ഏകോപനത്തിനായി വിവിധ ഗ്രാമപ്പഞ്ചായത്തുകൾ/ബ്ലോക്ക് പഞ്ചായത്തുകൾ എന്നിവയിലെ അംഗങ്ങളെ ഉൾപ്പെടുത്തി ഏകോപന കമ്മറ്റികൾ രൂപീകരിക്കേണ്ടതാണ്. 2020-2021 സാമ്പത്തികവർഷത്തേക്ക് ₹880 കോടിയുടെ പദ്ധതി അടങ്കലിൽ ജൽജീവൻ മിഷന് അംഗീകാരം നൽകുമ്പോൾ പദ്ധതി നടത്തിപ്പിന്റെ പ്രാരംഭഘട്ടമെന്ന നിലയിൽ 10% ഉപഭോക്തൃവിഹിതവും 15% ഗ്രാമപ്പഞ്ചായത്ത് വിഹിതവും നൽകാൻ സന്നദ്ധത അറിയിക്കുന്ന പഞ്ചായത്തുകളെ ഉൾപ്പെടുത്തി പദ്ധതി 2020-2021 വർഷം ആരംഭിച്ച് പൂർത്തീകരിക്കുന്നതിനാണ് വിഭാവനം ചെയ്തത്.

ഗ്രാമപ്പഞ്ചായത്ത് വിഹിതം, ഗുണഭോക്തൃവിഹിതം എന്നിവയിൽ പ്രത്യേക പരിഗണനയുള്ള

ജനവിഭാഗങ്ങൾക്ക്(ബി.പി.എൽ./എസ്.സി./എസ്.റ്റി./വനിതകൾ) ആവശ്യത്തിനനുസരിച്ച് ഇളവുകൾ നൽകുന്ന കാര്യം പഞ്ചായത്തുകൾക്ക് സ്റ്റേറ്റ് വാട്ടർ & സാനിട്ടേഷൻ മിഷന്റെ അനുമതിയോടെ തീരുമാനിക്കാവുന്നതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

ജൽജീവൻ മിഷൻ പദ്ധതിവിഹിതമായി മരിയാപുരം ഗ്രാമപ്പഞ്ചായത്തിന്റെ ആക്ഷൻ പ്ലാൻ പ്രകാരം അടവാക്കേണ്ട 15% സ്ഥാപനവിഹിതവും 10% ഗുണഭോക്തൃവിഹിതവും ഗ്രാമപ്പഞ്ചായത്ത് 2020-2021 മുതൽ ഈവർഷം വരെ അടവാക്കിയിട്ടില്ല. പദ്ധതിക്കായി നാളിതുവരെ തുകയൊന്നും വകയിരുത്തിയിട്ടില്ലെന്ന് പഞ്ചായത്ത് അധികൃതർ അറിയിച്ചു.

1-37 ഹെൽത്ത് ഗ്രാന്റ് - അവലോകനം

പതിനഞ്ചാം ധനകാര്യകമ്മീഷൻ അവാർഡ് പ്രകാരം, പ്രാഥമികാരോഗ്യപരിരക്ഷാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി പതിനഞ്ചാം ധനകാര്യകമ്മീഷൻ 2021-2022 മുതൽ 2025-2026 വരെ ആരോഗ്യമേഖലാ ഗ്രാന്റ് അനുവദിച്ചിട്ടുണ്ട്. ധനകാര്യകമ്മീഷൻ നിർദ്ദേശിച്ചിട്ടുള്ള വിവിധ സ്കീമുകൾ നടപ്പാക്കുന്നതിനാണ് ഗ്രാന്റ് അനുവദിച്ചിട്ടുള്ളത്. സ്കീമുകൾ താഴെ നൽകുന്നു.

സ്കീം-1 കെട്ടിടങ്ങൾ ഇല്ലാത്ത കുടുംബാരോഗ്യഉപകേന്ദ്രങ്ങൾക്ക് കെട്ടിടം നിർമ്മിക്കാൻ സഹായം

കെട്ടിടങ്ങൾ ഇല്ലാത്ത കുടുംബാരോഗ്യഉപകേന്ദ്രങ്ങൾക്ക് ഗ്രാമപ്പഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി കെട്ടിടം നിർമ്മിക്കാൻ ധനസഹായം നൽകുന്നു. കേന്ദ്രആരോഗ്യകുടുംബക്ഷേമ മന്ത്രാലയം 31.08.2021 – ന് പുറപ്പെടുവിച്ച സാങ്കേതിക മാർഗ്ഗരേഖയുടെ അനുബന്ധം-3.3 പ്രകാരമുള്ള ലേ-ഔട്ട് പ്ലാൻ കെട്ടിടനിർമ്മാണ മാതൃക പ്രകാരമാണ് കെട്ടിടങ്ങൾ നിർമ്മിക്കേണ്ടത്.

സ്കീം-2 ബ്ലോക്ക് പൊതുജനാരോഗ്യ കേന്ദ്രങ്ങൾക്ക് സഹായം

കെട്ടിടനവീകരണം, പാർട്ടീഷനിംഗ്, ഫർണ്ണീച്ചർ വാങ്ങൽ, ലാബ് നവീകരണം, പൊതുജനാരോഗ്യപ്രവർത്തനത്തിന് അവശ്യം വേണ്ട വിവരസാങ്കേതികവിദ്യ ഉപകരണങ്ങൾ വാങ്ങൽ, ലാബ് റീ-ഏജന്റ് കിറ്റ് വാങ്ങൽ, ലാബ് പ്രവർത്തനത്തിനാവശ്യമായ മറ്റ് സൗകര്യങ്ങൾ ഏർപ്പെടുത്തൽ തുടങ്ങിയ ബ്ലോക്ക് കുടുംബാരോഗ്യങ്ങൾക്ക് വിവിധ പ്രവർത്തനങ്ങൾക്ക് സഹായം നൽകൽ.

സ്കീം-3 ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യസ്ഥാപനങ്ങളിൽ രോഗനിർണ്ണയസൗകര്യങ്ങൾ ഏർപ്പെടുത്തൽ

പ്രാഥമികാരോഗ്യപരിരക്ഷ നൽകുന്ന എല്ലാ ആരോഗ്യസ്ഥാപനങ്ങളിലും രോഗനിർണ്ണയസൗകര്യങ്ങൾ ഏർപ്പെടുത്തുകയാണ് ഈ സ്കീമിന്റെ ലക്ഷ്യം. ഉപകേന്ദ്രങ്ങളിൽ രോഗനിർണ്ണയസൗകര്യങ്ങൾ ഏർപ്പെടുത്തൽ, കുടുംബാരോഗ്യകേന്ദ്രങ്ങളിൽ പ്രാഥമികാരോഗ്യപരിരക്ഷ നൽകുന്ന മറ്റ് ആരോഗ്യസ്ഥാപനങ്ങളിലും രോഗനിർണ്ണയസൗകര്യങ്ങൾ ഏർപ്പെടുത്തൽ എന്നീ രണ്ട് ഘടകങ്ങളിലായി പ്രവർത്തനം നടത്തുന്നു.

സ്കീം-4 ഗ്രാമപ്രദേശങ്ങളിലെ കുടുംബാരോഗ്യകേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ.

ഗ്രാമപ്രദേശങ്ങളിൽ ആരോഗ്യവർദ്ധകസേവനങ്ങൾ, ആരോഗ്യകരമായ ഭക്ഷണശീലം, വ്യായാമം, ശുചിത്വം മുതലായവ പ്രോത്സാഹിപ്പിക്കൽ, രോഗപ്രതിരോധപ്രവർത്തനങ്ങൾ, അസുഖങ്ങൾ പ്രാരംഭഘട്ടത്തിൽത്തന്നെ കണ്ടുപിടിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ, ദീർഘകാലരോഗികൾക്ക് മാനസിക-സാമൂഹ്യ പിന്തുണ നൽകൽ,

പാലിയേറ്റീവ് പ്രവർത്തനങ്ങൾ തുടങ്ങിയവ ഉൾപ്പെടുന്നു.

സ്കീം–5 നഗരപ്രദേശങ്ങളിലെ പ്രാഥമികാരോഗ്യകേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും രോഗനിർണ്ണയസൗകര്യങ്ങൾ ഏർപ്പെടുത്തൽ.

ഉപകരണങ്ങൾ വാങ്ങുന്നതിനും കേരള മെഡിക്കൽ കോർപ്പറേഷനും പരിശീലനവും ഉൾപ്പെടുന്നു.

സ്കീം– 6 അർബൻ ഹെൽത്ത് & വെൽനസ് കേന്ദ്രങ്ങൾ.

അർബൻ ഹെൽത്ത് & വെൽനസ് കേന്ദ്രങ്ങൾ, അർബൻ പോളിക്ലിനിക്കുകൾ സ്ഥാപിക്കൽ എന്നീ രണ്ട് ഘടകങ്ങൾ ഉൾപ്പെടുന്നു.

ഫണ്ട് വിശകലനം

ഗ്രാമപ്പഞ്ചായത്തിനു കീഴിലുള്ള ആരോഗ്യകേന്ദ്രങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

1. എഫ്.എച്ച്.സി., മരിയാപുരം
2. ഹെൽത്ത് ആന്റ് വെൽനെസ് സെന്റർ, നാരകക്കാനം
3. ഹെൽത്ത് ആന്റ് വെൽനെസ് സെന്റർ, കരിമ്പൻ
4. ഹെൽത്ത് ആന്റ് വെൽനെസ് സെന്റർ, കതിരക്കല്ല്
5. ഹെൽത്ത് ആന്റ് വെൽനെസ് സെന്റർ, വിമലഗിരി
6. ഹെൽത്ത് ആന്റ് വെൽനെസ് സെന്റർ, ഉപ്പുതോട്

മരിയാപുരം ഗ്രാമപ്പഞ്ചായത്തിൽ 2021-2022 മുതൽ 2024-2025 വരെ ലഭ്യമായ വിവിധയിനം ഹെൽത്ത് ഗ്രാന്റിന്റെ വിവരം താഴെ നല്കുന്നു. ലഭ്യമായതിൽ വളരെ കുറവ് ശതമാനം തുക മാത്രമാണ് പഞ്ചായത്ത് ഉപയുക്തമാക്കിയിട്ടുള്ളത്.

വർഷം	സബ്സെന്ററുകൾക്ക് കെട്ടിടം –സ്കീം-1 (320100203)				ഡയഗ്നോസ്റ്റിക് ഇൻഫ്രാ സ്ട്രക്ചർ – സ്കീം-3 (320100202)				ഹെൽത്ത് & വെൽനസ്സ് സെന്റർ – സ്കീം-4 (320100204)			
	ഗ്രാന്റ് (₹)	പലിശ (₹)	ആകെ (₹)	ചെലവ് (₹)	ഗ്രാന്റ് (₹)	പലിശ (₹)	ആകെ (₹)	ചെലവ് (₹)	ഗ്രാന്റ് (₹)	പലിശ (₹)	ആകെ (₹)	ചെലവ് (₹)
2021-2022	0	0	0	0	0	0	0	0	0	0	0	0
2022-2023	0	0	0	0	2,93,019	4,024	2,97,043	0	1,60,000	2,284	1,62,284	0
2023-2024	0	0	0	0	6,41,000	16,786	6,57,786	0	2,86,000	7,385	2,93,385	0
2024-2025	0	0	0	0	2,68,000	22,980	2,90,980	85,760	4,55,000	12,479	4,67,479	0
നീക്കിയിരിപ്പ് തുക (₹) (31.03.2025)					A/C No. – 110042180883 Canara Bank, Kattappana 8,65,831/-				A/C No.– 110042180364 Canara Bank, Kattappana ₹7,29,738/-			

ഗ്രാമപ്പഞ്ചായത്തിന്റെ വാർഷികകണക്കുകളിൽ ഹെൽത്ത് ഗ്രാന്റിന്റെ വിനിയോഗവിവരം പ്രതിഫലിക്കുന്നുണ്ട്.

2023-2024 വർഷം ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് നടപ്പാക്കിയ പദ്ധതികൾ

സ്കീം	ഗ്രാന്റ് തുക (₹)	പദ്ധതിയുടെ പേര്, പദ്ധതി നമ്പർ	അടങ്കൽ (₹)	ചെലവ് (₹)
4	2,68,000/-	ഹെൽത്ത് ആന്റ് വെൽനെസ് പ്രവർത്തനങ്ങൾ, 150	160,000/-	63,200/-

2024-2025 വർഷം ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് നടപ്പാക്കിയ പദ്ധതികൾ

സ്കീം	ഗ്രാന്റ് തുക (₹)	പദ്ധതിയുടെ പേര്, പദ്ധതി നമ്പർ	അടങ്കൽ (₹)	ചെലവ് (₹)
4	4,55,000/-	ഹെൽത്ത് ആന്റ് വെൽനസ്സ് പ്രവർത്തനങ്ങൾ, 150	96,800/-	59,898/-
4		മരിയാപുരം എഫ്.എച്ച്.സി. ഹെൽത്ത് ആന്റ് വെൽനസ്സ് പ്രവർത്തനങ്ങൾ, 151	28,600/-	28,426/-
3	2,68,000/-	രോഗനിർണ്ണയസൗകര്യങ്ങൾ ഏർപ്പെടുത്തൽ, 152	2,93,019/-	85,760/-

ഹെൽത്ത് ഗ്രാന്റ് വിനിയോഗിച്ച് വാങ്ങിയ ഉപകരണങ്ങൾ താഴെ ചേർക്കുന്നു.

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല

ഭാഗം -3

ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

3-1 ഉപ്പുതോട് യു.പി.സ്കൂൾ മെയിന്റനൻസ് - ചെയ്യാത്ത പ്രവൃത്തിക്ക് തുക അനുവദിച്ചു - ₹44,363/- - നിരാകരിക്കുന്നു.

പദ്ധതി നം./പദ്ധതിയുടെ പേര്	126/24-25, ഉപ്പുതോട് യു.പി.സ്കൂൾ മെയിന്റനൻസ്	
അടങ്കൽ തുക (₹)	4,00,000/-	3,94,327/- (മെയിന്റനൻസ് ഗ്രാന്റ് - റോഡിതരം)
		5,673/- (തനത് ഫണ്ട്)
നിർവ്വഹണോദ്യോഗസ്ഥൻ	അസിസ്റ്റന്റ് എഞ്ചിനീയർ	
കരാർ നമ്പർ/തീയതി	12/AE/LSGD-LID&EW/MPM/23-24/12.12.2023	
ഫയൽ നം.	85396/2023	
അളവ് ബുക്ക്	E-M Book	
ബിൽ റഫറൻസ് നം./തീയതി/തുക (₹)	24101252012500623242/04.09.2024 ₹3,90,167/- (മെയിന്റനൻസ് ഗ്രാന്റ് - റോഡിതരം)	
കരാറുകാരൻ	ശ്രീ ഷാജി ജോസഫ്	

ഉപ്പുതോട് യു.പി.സ്കൂളിലെ രണ്ടാം നിലയിൽ ടൈൽ വിരിക്കുന്നതിനായി ആവിഷ്കരിച്ച പദ്ധതിയാണിത്. പദ്ധതിക്കായി മേൽ സൂചിത ബിൽ പ്രകാരം ₹3,90,167/- ചെലവഴിച്ചിട്ടുണ്ട്. അളവ് ബുക്ക് പ്രകാരം താഴെ സൂചിപ്പിക്കുന്ന ഇനങ്ങൾ ചെയ്തതായി രേഖപ്പെടുത്തി കരാറുകാരന് തുക അനുവദിച്ചിരിക്കുന്നു.

ക്രമ നം	ഇനം നം.	സ്പെസിഫിക്കേഷൻ നം, ഇനം	അളവ്, എം.^{2}	നിരക്ക് (₹)	നൽകിയ തുക (₹)
1	11.41.2	600x600 Mm വിട്രിഫൈഡ് ടൈൽ പാകൽ	152.55	1,856.59	2,83,232.09
2	13.1.1	1:4, പ്ലാസ്റ്ററിംഗ്	105.198	357.38	37,595.66
3	15.2.1	1:3:6 കോൺക്രീറ്റിംഗ്	0.743	2,296.41	1,706.23
4	50.6.2.2	സോളിഡ് ബ്ലോക്ക്സ് മേസനറി	1.080	7,514.40	8,115.55

ഈ പദ്ധതി, 07.07.2025 - ൽ എൽ.എസ്.ജി.ഡി. അസിസ്റ്റന്റ് എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ നേരിൽ പരിശോധിച്ചതിൽ ക്രമ നമ്പർ 2 - ൽ രേഖപ്പെടുത്തിയിരിക്കുന്ന 13.1.1 (1:4) പ്ലാസ്റ്ററിംഗ് എന്ന ഇനം ചെയ്തിട്ടില്ലെന്ന് ബോദ്ധ്യപ്പെട്ടു. (സ്ഥലപരിശോധന റിപ്പോർട്ട് കാണുക.) ചെയ്യാത്ത ഇനം, അളവ് ബുക്കിൽ രേഖപ്പെടുത്തി GST ഉൾപ്പെടെയുള്ള തുക ₹44,362.87/- (₹37,595.66+₹6,767.21 (18% GST) കരാറുകാരന് നൽകിയത് അംഗീകരിക്കുന്നില്ല. ഇപ്രകാരം തുക നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.5/തീയതി.07.07.2025) രണ്ടാം നിലയിൽ പുറം പ്ലാസ്റ്ററിംഗ് ചെയ്തിട്ടുണ്ടെന്നാണ് മറുപടി നൽകിയത്. എന്നാൽ സ്ഥലപരിശോധനയിൽ ഇത് കണ്ടെത്താൻ സാധിച്ചില്ല. ആയതിനാൽ ക്രമവിരുദ്ധമായി ₹44,363/- അനുവദിച്ചതിന് ഉത്തരവാദികളായ അളവ് ബുക്കിൽ അളവ് രേഖപ്പെടുത്തിയ അസിസ്റ്റന്റ് എഞ്ചിനീയർ, ഉപരിപരിശോധന നടത്തിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

ഭാഗം -4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 മെഡിസെപ് പ്രീമിയം ഒടുക്ക്

മെഡിസെപ് പ്രീമിയം ഒടുക്ക് (റഗുലർ ജീവനക്കാർ)

ഓഡിറ്റ് വർഷത്തിലെ ജീവനക്കാരുടെ എണ്ണം*	മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (₹)	മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക (₹)	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക (₹)	റിമാർക്സ്
16	71,000/-	59,500/-	11,500/-	-

*(01.04.2024 മുതൽ 31.03.2025 – നാളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ളവരുടേത് ഒഴികെ

മെഡിസെപ് പ്രീമിയം ഒടുക്ക് (റഗുലർ ജീവനക്കാർ)

ഓഡിറ്റ് വർഷത്തിലെ ജീവനക്കാരുടെ എണ്ണം*	മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (₹)	മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക (₹)	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക (₹)	റിമാർക്സ്
15	88,500/-	88,500/-	0	-

*(01.04.2024 മുതൽ 31.03.2025 നാളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ളവരുടേത് ഒഴികെ

മെഡിസെപ്പ് പ്രീമിയം ഒടുക്ക് (01.04.2024 മുതൽ 30.06.2024 – നാളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

ജീവനക്കാരുടെ എണ്ണം	സർവ്വീസിൽ പ്രവേശിച്ച മാസം	മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (₹) (07/2022 മുതൽ അല്ലെങ്കിൽ 07/2023 മുതലുള്ള കുടിശ്ശിക ഉൾപ്പെടെ)**	മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക (₹)	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക (₹)	റിമാർക്സ്
ബാധകമല്ല					

മെഡിസെപ്പ് പ്രീമിയം ഒടുക്ക് (01.07.2024 – ൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

ജീവനക്കാരുടെ എണ്ണം	മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (₹)(07/2022 മുതലുള്ള കുടിശ്ശിക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയത് ഉൾപ്പെടെ	മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക (₹)	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക (₹)	റിമാർക്സ്
ബാധകമല്ല				

മെഡിസെപ്പ് പ്രീമിയം ഒടുക്ക് (01.08.2024 മുതൽ 31.03.2025 – നാളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

ജീവനക്കാരുടെ എണ്ണം	സർവ്വീസിൽ പ്രവേശിച്ച മാസം	മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (₹) (07/2022 മുതൽ അല്ലെങ്കിൽ 07/2023 മുതലുള്ള കുടിശ്ശിക ഉൾപ്പെടെ)**	മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക (₹)	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക (₹)	റിമാർക്സ്
ബാധകമല്ല					

മെഡിസെപ്പ് പ്രീമിയം ഒടുക്ക് (01.04.2024 മുതൽ 30.06.2024 – നാളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

ജീവനക്കാരുടെ എണ്ണം	സർവ്വീസിൽ പ്രവേശിച്ച മാസം	മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (₹) (07/2022 മുതൽ അല്ലെങ്കിൽ 07/2023 മുതലുള്ള കുടിശ്ശിക ഉൾപ്പെടെ)**	മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക (₹)	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക (₹)	റിമാർക്സ്
1	05/2024	3,500/- (500x7)	3,500/-	0	-

മെഡിസെപ്പ് പ്രീമിയം ഒടുക്ക് (01.07.2024 – ൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

ജീവനക്കാരുടെ എണ്ണം	മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതലുള്ള കുടിശ്ശിക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയത് ഉൾപ്പെടെ	മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക	റിമാർക്സ്
ബാധകമല്ല				

മെഡിസെപ്പ് പ്രീമിയം ഒടുക്ക് (01.08.2024 മുതൽ 31.03.2025 – നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള പുതിയ ജീവനക്കാർ)					
ജീവനക്കാരുടെ എണ്ണം	സർവ്വീസിൽ പ്രവേശിച്ച മാസം	മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (₹) (07/2022 മുതൽ അല്ലെങ്കിൽ 07/2023 മുതലുള്ള കുടിശ്ശിക ഉൾപ്പെടെ)**	മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക (₹)	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക (₹)	റിമാർക്സ്
ബാധകമല്ല					

4–2 സംയുക്തപദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം	തുക ലഭിച്ച വർഷം	ലഭിച്ച തുക (₹)	പദ്ധതിയുടെ പേര്/പദ്ധതി നം.	ചെലവ് (₹)	ബാക്കി (₹)
ഇടുക്കി ബ്ലോക്ക് പഞ്ചായത്ത്	2024-2025	1,00,000	ആശ്രയപദ്ധതി - വീട് മെയിന്റനൻസ്, 7/25	1,00,000	0
	2024-2025	6,30,000	ലൈഫ് മിഷൻ ഭവനപദ്ധതി -പൊതുവിഭാഗം, 6/25	6,30,000	0
	2024-2025	1,90,200	ഭിന്നശേഷിക്കാരായവർക്ക് സ്കോളർഷിപ്പും ബത്തയും, 160/25	1,90,200	0
	2024-2025	1,95,000	പട്ടികജാതിവിഭാഗത്തിൽ പെട്ടവർക്ക് സ്കോളർഷിപ്പ്, 165/25	1,95,000	0
	2024-2025	1,36,720	ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി, 59/25	1,36,720	0
	2024-2025	86,120	ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി, 82/25	86,120	0
ആകെ				13,38,040	
ഇടുക്കി ജില്ലാ പഞ്ചായത്ത്	2024-2525	4,50,000	ലൈഫ് മിഷൻ ഭവനപദ്ധതി -പൊതുവിഭാഗം, 6/25	4,50,000	0
	2024-25	2,35,326	ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി, 59/25	2,35,326	0
ആകെ				6,85,326	

4–3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

നിർവ്വഹണ ഏജൻസി	പ്രവൃത്തിയുടെ പേര്/നം.	വൗച്ചർ നമ്പർ/ ചെക്ക് നം.	മുൻകൂർ നൽകിയ തുക (₹)	ചെലവഴിച്ച തുക (₹)	നീക്കിയിരിപ്പ് തുക (₹)
ഭൂജലവകുപ്പ് ഇടുക്കി	മരിയാപുരം ഗ്രാമപ്പഞ്ചായത്തിലെ വിവിധ ഭാഗങ്ങളിൽ കുഴൽക്കിണർ നിർമ്മാണം, 51/25-	22400871/ 27.03.2025	8,43,000	8,43,000	8,43,000

4–4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

- ഇല്ല -

4–5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം ലൈഫ് ഭവനപദ്ധതിയുടെ വായ്പയിനത്തിൽ തൻവർഷം ₹13,08,000/- വായ്പയുണ്ട്. തൻവർഷം തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പത്തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

വായ്പയുടെ പേര്/ ഉദ്ദേശ്യം	ഉത്തരവ് നമ്പർ/ തീയതി	വായ്പത്തുക (₹)	തൻവർഷ വായ്പത്തുക (₹)	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക (₹)	തൻവർഷം തിരിച്ചടച്ച തുക (₹)		വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക (₹)
					മുതൽ	പലിശ	
ലൈഫ് ഭവന നിർമ്മാണം കെ.യു.ആർ.ഡി.എഫ്.സി	സ.ഉ(സാധാ). നം.181/2018 /തസ്വഭവ. തീ. 13.08.2018	1,29,60,000	13,08,000	82,28,174	14,78,405	0	80,57,769

4–6 സ്ഥിരനിക്ഷേപം

- ഇല്ല -

4–7 ഓഡിറ്റ് റിക്കവറി

- ഇല്ല -

4–8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994 – ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം, വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ഓഡിറ്റ് വർഷം	ഖണ്ഡിക നം.	സമാഹൃത റിപ്പോർട്ട് വർഷം	ഖണ്ഡിക നം.	വിഷയം
1999-2000	3-40	2001-2002	V.6.1	ക്ഷീരവികസന ബോധവൽക്കരണം – തുക ദുർവിനിയോഗം ചെയ്തു
2003-2004	3-3	2006-2007	3.35.2	ഓഡിറ്റ് സമയത്ത് വൗച്ചറുകൾ ഫയലുകൾ, കൈപ്പറ്റ് രസീതുകൾ തുടങ്ങിയവ ഹാജരാക്കിയില്ല
2003-2004	2-1	2006-2007	3.35.3	നിയമപ്രകാരമായ രജിസ്റ്ററുകൾ എഴുതുന്നില്ല
2008-2009	3-3	2011-2012	2-4	വെർമി കമ്പോസ്റ്റ് – ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത വ്യക്തിക്ക് ധനസഹായം, ₹2,000/-
2009-2010	3-7	2011-2012	2-4	ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ധനസഹായം, ₹18,400/-

4-9 ചാർജ്/സർചാർജ്

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

ക്രമ നം.	റിപ്പോർട്ട് വർഷം	ഖണ്ഡിക നം.	ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ജോലി വകുപ്പ്	ചാർജ് സർട്ടിഫിക്കറ്റ്				കോടതി വ്യവഹാരങ്ങളിൽ				റിമാർക്സ്
				നം./തീയതി	തുക (₹)	സ്വയം അടവാക്കിയ തുക (₹) (രസീത് നം./ തീയതി)	റവന്യൂ റിക്കവറി നടപടി വഴിയുള്ള ഈടാക്കിയ തുക (₹) തീയതി	ഉൾപ്പെട്ട തുക (₹)	ഈടാക്കിയ തുക (₹)	ആകെ ലഭിച്ച തുക (₹)	അവശേഷിക്കുന്ന തുക (₹)/ബാധ്യത	
1	2	3	4	5	6	7	8	9	10	11	12	13
1	1998-1999	20(1), (2), 23	ശ്രീ കെ. കട്ടപ്പൻ	LF.16858/SC2 /2002/ 27.03.2003	642/-	200/-	ഇല്ല	ഇല്ല	ഇല്ല	200/-	642/-	

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

ക്രമ നം.	റിപ്പോർട്ട് വർഷം	ഖണ്ഡിക നം.	ഉത്തരവാദി യായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ജോലിവകുപ്പ്	സർചാർജ് സർട്ടിഫിക്കറ്റ്				കോടതി വ്യവഹാരങ്ങളിൽ				റിമാർക്സ്
				നം./തീയതി	തുക (₹)	സ്വയം അടവാക്കിയ തുക (₹) (രസീത് നം./ തീയതി)	റവന്യൂ റിക്കവറി നടപടി വഴിയുള്ള ഈടാക്കിയ തുക (₹) തീയതി	ഉൾപ്പെട്ട തുക (₹)	ഈടാക്കിയ തുക (₹)	ആകെ ലഭിച്ച തുക (₹)	അവശേഷിക്കുന്ന തുക (₹)/ ബാധ്യത	
1	2	3	4	5	6	7	8	9	10	11	12	13
1	1997-1998	33	ശ്രീ സി. ബേബിച്ചൻ സെക്രട്ടറി	LF.20916/ Spl.Cell/ SC2/2001/ DL 08.01.2002	4,199/-	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	4,199/-	-
2	1997-1998	36(1)	ശ്രീ സി. ബേബിച്ചൻ സെക്രട്ടറി	LF.20916/ Spl.Cell/ SC2/2001/ DL 08.01.2002	5,001/-	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	5,000/-	-
3	1997-1998	36(2)	ശ്രീ സി. ബേബിച്ചൻ സെക്രട്ടറി	LF.20916/ Spl.Cell/ SC2/2001/ DL 08.01.2002	24,000/-	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	24,000/-	-
4	1997-1998	36(3)	ശ്രീ സി. ബേബിച്ചൻ സെക്രട്ടറി	LF.20916/ Spl.Cell/ SC2/2001/ DL 08.01.2002	2,97,051/-	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	2,97,051/-	-
5	1998-1999	29, 39, 35, 41, 42	ശ്രീ കെ. കട്ടപ്പൻ സെക്രട്ടറി	LF.16858/ SC2/2002/ DL 27.03.2003	1,08,664/-	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	1,08,664/-	-
6	1998-1999	48(1), (2),(3), (4)	ശ്രീ ടി.സന്തോഷ് കുമാർ കൃഷി ഓഫീസർ	LF.16858/ Spl.Cell/ SC2/2002 DL 19.05.2003	34,492/-	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	34,492/-	-
7	1999-2000	26(1, 2) 31, 32	ശ്രീ കെ. കട്ടപ്പൻ സെക്രട്ടറി	LF.19012/SC2/2002/ DL 02.06.2003	55,947/-	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	55,947/-	-
8	2000-2001	30	ശ്രീ കെ. കട്ടപ്പൻ സെക്രട്ടറി	LF.15406/ Spl.Cell (SC.2)/2004 DL 20.04.2005	940/-	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	940/-	-
9	2003-2004	3-5	ശ്രീ കെ.എസ്. ബഷീർ സെക്രട്ടറി	LF.14741/ Spl.Cell (SC.2)/2007 DL 19.10.2009	23,633/-	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	23,633/-	
10	2003-2004	3.6	ശ്രീമതി പുഷ്പവല്ലി എ.ടി., കൃഷി ഓഫീസർ	LF-14741/Spl. Cell/SC2/2007 DL.31.03.2009	12,990/-	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	12,990/-	-
11	2008-2009	3.6	ശ്രീമതി സുധ മേനോൻ ICDS സൂപ്പർവൈസർ	LF.22680/Spl. Cell/ CSC/C1/ 2012/23.05.2014/ 20.08.2014	9,106/-	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	9,106/-	-
12	2010-2011 & 2011-2012	3.3	ശ്രീമതി ലൈല ജോസഫ് കൃഷി ഓഫീസർ	LF-17690/Spl. Cell/CSC/ C1/14(1)/ DL 08.09.2017	19,000/-	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	19,000/-	-
13	2010-2011 & 2011-2012	3-5	ശ്രീ ജോസഫ് മാത്യു സെക്രട്ടറി	LF-17690/Spl. Cell/CSC/C1/2014/ DL 14.07.2717	1,00,50/-	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	10,050/-	-

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

മുന്നിരിപ്പ് (₹)	:	54,41,047.00
ഓഡിറ്റ് വർഷത്തെ ആകെ വരവ് (₹)	:	2,53,63,749.00
ആകെ (₹)	:	3,08,04,796/-
ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (₹)	:	2,04,60,617/-
നീക്കിയിരിപ്പ് (₹)	:	1,03,44,179/-
വരവിനങ്ങളിലുള്ള നഷ്ടം (₹)	:	ഇല്ല
ചെലവിനങ്ങളിലുള്ള നഷ്ടം (₹)/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (₹)	:	44,363/-
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക (₹)	:	3,71,900/-

(ബി). ഗ്രാമപഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നം.	തുക (₹)		ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
	ചാർജ് ചെയ്യാവുന്നവ	സർചാർജ് ചെയ്യാവുന്നവ	
3-1	ഇല്ല	22,181/-	ശ്രീ ആഷിഷ് ബാലകൃഷ്ണൻ അസിസ്റ്റന്റ് എഞ്ചിനീയർ
3-1	ഇല്ല	22,182/-	ശ്രീമതി മഞ്ജു വി.ആർ. അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ
ആകെ		44,363/-	

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നം.	തുക (₹)	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-14	54,133/-	ശ്രീ സിബി കരവിള ഹെഡ്മാസ്റ്റർ, ഗവ.എൽ.പി.സ്കൂൾ, കരിമ്പൻ
1-15	70,000/-	ശ്രീ സിബി കരവിള ഹെഡ്മാസ്റ്റർ, ഗവ.എൽ.പി.സ്കൂൾ, കരിമ്പൻ
1-26	1,48,656/-	ശ്രീമതി സിൻസി മാത്യു അസിസ്റ്റന്റ് എഞ്ചിനീയർ
1-27	99,111/-	ശ്രീമതി സിൻസി മാത്യു അസിസ്റ്റന്റ് എഞ്ചിനീയർ
1-20	4,08,756/-	ശ്രീമതി അജിമി പി. ജലീല് വി.ഇ.ഒ., ഇടുക്കി സർക്കിൾ
1-23	93,520/-	ശ്രീ സന്തോഷ് കെ. സെക്രട്ടറി
1-24	8,43,000/-	ശ്രീ മോഹൻ ആർ. അസിസ്റ്റന്റ് സെക്രട്ടറി (സെക്രട്ടറിയുടെ അധിക ചുമതല)
1-25	1,96,850/-	(1) 98,890/- ശ്രീ സന്തോഷ് കെ., സെക്രട്ടറി (2) 97,960/- ശ്രീ മോഹൻ ആർ., അസിസ്റ്റന്റ് സെക്രട്ടറി (സെക്രട്ടറിയുടെ അധിക ചുമതല)
ആകെ	19,14,026/-	

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

- ഇല്ല -

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

- ഇല്ല -

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം

ശ്രീ സന്തോഷ് കെ. സെക്രട്ടറി	സേവനത്തിൽ നിന്നും വിരമിച്ചു	അമ്പാട്ട് ഹൗസ് പുളിപ്പുറിയാരം(പി.ഒ.), പിൻ – 685608
ശ്രീമതി സിൻസി മാത്യു അസിസ്റ്റന്റ് എഞ്ചിനീയർ	അസിസ്റ്റന്റ് എഞ്ചിനീയർ മരിയാപുരം ഗ്രാമപഞ്ചായത്ത്	അഴിമുഖം, മണിയാറൻകുടി പി.ഒ., ഇടുക്കി ജില്ല, പിൻ – 685602
ശ്രീ ആശിഷ് ബാലകൃഷ്ണൻ അസിസ്റ്റന്റ് എഞ്ചിനീയർ	അസിസ്റ്റന്റ് എഞ്ചിനീയർ താഴക്കര ഗ്രാമപഞ്ചായത്ത്, ആലപ്പുഴ	ഗംഗാ (ശ്രീ നികേതനം) വളമംഗലം സൗത്ത് പി.ഒ., തുറവൂർ ആലപ്പുഴ ജില്ല, പിൻ – 688532
ശ്രീമതി രമ്യ വി.ആർ. അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ	അസി.എക്സി.എഞ്ചിനീയർ ഇടുക്കി ബ്ലോക്ക് പഞ്ചായത്ത്	മണിക്കത്താൻ ഹൗസ് കാഞ്ചാർ പി.ഒ., ഇടുക്കി ജില്ല പിൻ – 685590
ശ്രീ സിബി കരുവിള ഹെഡ്മാസ്റ്റർ ഗവ.എൽ.പി.സ്കൂൾ, കരിമ്പൻ	ഹെഡ്മാസ്റ്റർ ഗവ.എൽ.പി.സ്കൂൾ, കരിമ്പൻ	പെരുമ്പാച്ചിറ ഹൗസ് ഗ്രാമപുരം മാന്നാർ പി.ഒ. കോട്ടയം
ശ്രീമതി അജ്മി പി മജീദ് വി.ഇ.ഒ., ഇടുക്കി സർക്കിൾ	നിലവിൽ ദീർഘകാല അവധിയിൽ	പാലക്കുഴിയിൽ വീട് നെടുങ്കണ്ടം പി.ഒ., താന്നിക്കൂട് പിൻ – 685553
ശ്രീ മോഹൻ ആർ. അസിസ്റ്റന്റ് സെക്രട്ടറി (സെക്രട്ടറിയുടെ അധിക ചുമതല)	അസിസ്റ്റന്റ് സെക്രട്ടറി മരിയാപുരം ഗ്രാമപഞ്ചായത്ത്	ശ്രീഭവൻ, ശാന്തിനഗർ വണ്ടിപ്പെരിയാർ പിൻ – 685533

4–11 തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം	ഖണ്ഡിക നം.
1997-1998	കെ.എസ്.എ-ഐ.ഡി.കെ-13/782/2018 തീ. 04.06.2018	3	33, 36(1), 36-2(ബി) 36(3)
1998-1999	കെ.എസ്.എ-ഐ.ഡി.കെ-13/782/2018 തീ. 04.06.2018	5	23, 35, 39, 41, 48(1,2,3,4)
1999-2000 & 2000-2001	കെ.എസ്.എ-ഐ.ഡി.കെ-13/782/2018 തീ. 04.06.2018	5	26(1),26(2), 31, 32, 41
2000-2001	കെ.എസ്.എ-ഐ.ഡി.കെ-13/782/2018 തീ. 04.06.2018	1	30
2003-2004	കെ.എസ്.എ-ഐ.ഡി.കെ-13/782/2018 തീ. 04.06.2018	3	3-3, 3-5, 3-6
2004-2005	കെ.എസ്.എ-ഐ.ഡി.കെ-13/782/2018 തീ.04.06.2018	1	2-6
2008-2009	കെ.എസ്.എ-ഐ.ഡി.കെ-പി5/1284/(2008-2009) അദാലത്ത്/2022 തീ. 05.09.2022	3	3-3, 3-6, 3-7
2009-2010	കെ.എസ്.എ-ഐ.ഡി.കെ-പി5/1284/(2009-2010) അദാലത്ത്/2022 തീ. 05.09.2022	2	3-6, 3-7(1,2,3)
2010-2011 & 2011-2012	കെ.എസ്.എ-ഐ.ഡി.കെ-പി5/1284/(2010-2011 & 2011-2012) അദാലത്ത്/2022 തീ. 05.09.2022	4	3-3, 3-5, 3-8, 3-9
2012-2013 & 2013-2014	കെ.എസ്.എ-ഐ.ഡി.കെ-പി5/1284/(2011-2012 & 2013-2014) അദാലത്ത്/2022 തീ. 05.09.2022	2	2-2, 3-3

2019-2020	നം.കെ.എസ്.എ.-ഐ.ഡി.കെ- 11/373/2021 തീ. 09.05.2021	29	1-3, 1-5, 1-6-2, 1-6-6, 1-9, 1-10, 1-11, 1-12, 1-13, 1-14, 1-15, 1-16
2020-2021	നം.കെ.എസ്.എ.-ഐ.ഡി.കെ- 11/903/2022 തീ. 29.07.2022	21	1-1 മുതൽ 1-21 വരെ
2021-22	നം.കെ.എസ്.എ.-ഐ.ഡി.കെ- പി5/299/2023 തീ. 05.04.2023	30	1-1 മുതൽ 1-19 വരെ 4-1 മുതൽ 4-11 വരെ
2022-2023	നം.കെ.എസ്.എ.ഐ.ഡി.കെ. പി.5-926/2023/ തീ. 07.10.2023	30	1-1 മുതൽ 1-20 വരെ 4-1 മുതൽ 4-10 വരെ
2023-2024	കെ.എസ്.എ.ഐ.ഡി.കെ./പി5/1047/2024 തീ. 18.11.2024	27	1-1 -മുതൽ 1-1-7 വരെ, 1-3-1,1-3-2,1-8 മുതൽ 1-21 വരെ,4-7 മുതൽ 4-10 വരെ

ഡെപ്യൂട്ടി ഡയറക്ടർ

Annexure 1

Audit Certificate

i. I have audited the attached Financial statements approved vide resolution number 8(1) dated 23-06-2025 and submitted on 24-06-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03- 2025 , with supporting forms, of the Mariyapuram Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, Kerala Local Fund Audit Act 1994, Kerala Local Fund Audit Rules 1996, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

Qualified opinion

I certify that, subject to my observations in the appended report and audit report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Mariyapuram Grama Panchayat as on 31-03-2025

Date: 13/10/2025

Deputy Director
District Office Idukki
Kerala State Audit Department

Audit Report appended to the Audit Certificate of Mariyapuram Grama Panchayat for the Year 2024-2025 .

1.Major Observations

1. Asset register is not kept up to date.

2.Other Observations

1. Non inclusion of notes to accounts in financial statements and non-disclosure of material facts.
2. Lapses in making timely and accurate demand entries in respect to tax and non tax revenues.
3. Cash flow statement- Net increase/decrease in cashflow does not match with the difference between the opening balance and closing balance of cash and cash equivalents.
4. Arrear balance of own fund receipts not accounted properly.

5. Obsolete deposits were not credited to own fund.
6. Gov. dues/ amounts remains as liability.
7. Depreciation recorded could not be verified in the absence of work sheets.
8. Payment voucher- Misclassification.
9. Accrual entries not booked under own heading.
10. DCB registers mismatch with annual financial statements.
11. ACR not prepared for multi purpose grants.
12. Non inclusion of capital work in progress .
13. Unspecified item under the heading of other grants.
14. Monthly reconciliation not done for all bank accounts.
15. Tender fee receipts not accounted.
16. Lack of various registers supporting AFS entries.
17. Spent Beneficiary contribution not booked as expenditure.

അനുബന്ധം–2

ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ഇടുക്കി ജില്ലയിലെ മരിയാപുരം ഗ്രാമപഞ്ചായത്തിന്റെ 2024–2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്